# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 40 ലക്കം ഫെബ്രുവരി 2022 വാർഷിക വരിസംഖ്യ ₹100




പ്രോസാങ്ക്ടിറ്റി പബ്ലിക്കേഷൻസ്



അമ്മേ മാതാവേ, അങ്ങയുടെ
പ്രിയപുത്രൻ സ്വന്തം പാർശ്വം
തകർക്കപ്പെടുവാൻ അനുവദിക്കുകയും
മനുഷ്യമക്കൾക്കു സ്നേഹം പങ്കുവയ്ക്കുകയും
ചെയ്തുവല്ലോ. അമ്മേ, അങ്ങേ പ്രിയസുതനെപ്പോലെ
സ്നേഹം പങ്കുവച്ചു ജീവിക്കുന്നവരായി
ഞങ്ങളെ മാറ്റണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 40 നോമ്പ് ലക്കം ഫെബ്രുവരി 2022

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**ജിസ കൂട്ടിയാനിക്കൽ A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**



**വാർഷിക വരിസംഖ്യ ₹ 100/-**

കവർ ഡിസൈനിംഗ്, ലേഔട്ട് & പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com



**പ്രോസാൺടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- ഇന്ന്: വിശുദ്ധി പ്രാപിക്കാനുള്ള സമയം 5
- സഭാജീവിതം: രക്തസാക്ഷിത്വ ജീവിതം 7
- നോമ്പിലൂടെ പുതുജന്മം 9
- ലോകം മുഴുവനിലേയ്ക്കും തിരിഞ്ഞിരിക്കുന്ന ഹൃദയം 11
- കുരിശിൻസാരം 13
- നോമ്പ്-പ്രാർത്ഥന-മാനസാന്തരം-രക്ഷ 15
- ഒന്നു പറക്കണം 17
- അബിമെലക്ക് 18
- നോമ്പുകാല ചൈതന്യത്തിലൂടെ 20
- ഒരുക്കം 22
- ലക്ഷ്യം തെറ്റാതെ 24
- എന്നിലെ നീ 25
- സെനക്കിൾ തരംഗം 26
- തിരിച്ചറിവ് 27
- അതിസാഹസികത 28
- അമ്മയോടൊപ്പം 30




ആഘോഷങ്ങളും ആരവങ്ങളുമൊക്കെ അരങ്ങൊഴിയുമ്പോൾ തപസ്സിനെയും പരിത്യാഗത്തെയും അനുസ്മരിപ്പിക്കുവാൻ വീണ്ടും ഒരു നോമ്പുകാലം കൂടി കടന്നുവന്നിരിക്കുന്നു. പതിവുപോലെ ഈശോയുടെ നാല്പതുദിവസത്തെ ഉപവാസത്തെയും മരുഭൂമി അനുഭവത്തെയും ഓർത്തുകൊണ്ടാണ് ഈ നോമ്പുകാലവും നമ്മൾ ആരംഭിക്കുക. ഉപവാസംകൊണ്ടും പ്രാർത്ഥനകൊണ്ടുമല്ലാതെ കീഴടക്കാനാവാത്ത ആ 'വർഗ്ഗം' ഇന്നുമുണ്ടെന്നുള്ളത് ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും പ്രാധാന്യമാണ് വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്നത്.

ആണ്ടുവട്ടത്തിലെ ഇരുന്നൂറ്റമ്പതിലേറെ ദിനങ്ങൾ ഉപവാസവും ഒരുനേരവുമെടുത്ത പൂർവ്വികർ പകർന്നുനൽകിയ ആത്മബലമാണ് തോമാശ്ലീഹായിലൂടെ പകർന്നുകിട്ടിയ വിശ്വാസം രണ്ടു സഹസ്രാബ്ദങ്ങൾക്കിപ്പുറവും പ്രഭമങ്ങാതെ ജ്വലിച്ചുനിൽക്കുവാൻ ഇടയാക്കിയത്.

ചില ഭക്ഷണപദാർത്ഥങ്ങളെ ഉപേക്ഷിക്കുന്നതു മാത്രമല്ല നോമ്പ്, ദൈവത്തിനു നിരക്കാത്തതായി ജീവിതത്തിലുള്ളവയോടൊക്കെ നിത്യമായി 'നോ' പറയുന്നതാണ്. അതിനുള്ള ആത്മബലം നേടിത്തരുന്നതിനാണ് ഉപവാസവും പ്രായശ്ചിത്തവും. ആധുനികതയുടെ പ്രലോഭനങ്ങൾക്കു വശംവദരായി ഉപവാസത്തെയും പ്രായശ്ചിത്തത്തെയും മാംസവർജ്ജനദിനങ്ങളെയും പരിഹസിക്കുന്ന ഒരു ന്യൂനപക്ഷം നമ്മുടെ ഇടയിലുണ്ട് എന്നത് അത്യന്തം വേദനാജനകവും വേഗം തിരുത്തപ്പെടേണ്ടതുമായ യാഥാർത്ഥ്യം തന്നെ.

ഈ ലോകജീവിതത്തെ മാത്രം ലക്ഷ്യമാക്കുന്നവർക്ക് ഉപവാസവും പ്രായശ്ചിത്തവുമൊക്കെ പരിഹാസ്യജന്യമായിരിക്കാം. എന്നാൽ നിത്യജീവിതത്തെ ലക്ഷ്യമാക്കി യാത്രചെയ്യുന്ന നമുക്ക് അത് പാഥേയമാണ്. ഈ ലോകജീവിതത്തിലുണ്ടാകുന്ന കുറവുകളെ ഇവിടെവച്ചുതന്നെ പരിഹരിക്കുവാൻ, നന്മയുടെ 'ഇടുങ്ങിയ വഴിയേ' പോകുവാനുള്ള ആത്മബലം നൽകുവാൻ ഒക്കെ ഉപവാസവും പ്രായശ്ചിത്തവും കൂടിയേ തീരൂ.

പഴമയുടെ പേരുപറഞ്ഞ് പാരമ്പര്യങ്ങളെ തള്ളിക്കളയാതെ കാതലായുള്ളവയെ കരുതലോടെ കാത്തുസൂക്ഷിക്കാം, കൈമാറാം. ഉപവാസവും അനുതാപവും പ്രായശ്ചിത്തവും വഴി മിശിഹായെയും അവിടുത്തെ പിതാവിനെയും പരിശുദ്ധാത്മാവിനെയും പ്രസാദിപ്പിക്കുവാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

**ചീഫ് എഡിറ്റർ**




റവ. ഡോ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി. സി.

"**എ**ന്നുടെ ജീവിത കാലത്തിൽ
ഏറിയനാളും പാഴായി
എന്നാത്മാവേ ഉണരുക നീ
നിന്നെ ഉണർത്തുക നീ തന്നെ"

സീറോ മലബാർ സഭയുടെ യാമപ്രാർത്ഥനകളിൽ നോമ്പിലെ വെള്ളിയാഴ്ചത്തെ എന്ദാനാ (മദ്ധ്യാഹ്ന പ്രാർത്ഥന) യിൽ നാം ആലപിക്കുന്ന മധ്യാഹ്നഗീതത്തിലെ നാലു വരികളാണ് ഇവ. നോമ്പുകാലത്തിന്റെ ലക്ഷ്യവും ആത്മീയതയും ഈ ഗീതത്തിൽ വളരെ വ്യക്തമായി പ്രതിഫലിക്കുന്നു. വീണ്ടും ഒരു നോമ്പുകാലത്തിലേക്കു നാം പ്രവേശിക്കുമ്പോൾ ഭൂതകാലത്തിലേക്കു തിരിഞ്ഞുനോക്കുവാനും വർത്തമാനകാലത്തിൽ വളരുവാനും ഭാവി കാലത്തെ വിശുദ്ധീകരിക്കുവാനുമുള്ള പ്രവർത്തനങ്ങൾ നാം ത്വരിതപ്പെടുത്തേണ്ടിയിരിക്കുന്നു.

വർത്തമാനകാലത്തിൽ ജീവിക്കുക എന്നത് വിശുദ്ധിയിലേക്കുള്ള ഏറ്റവും ലളിതവും സുരക്ഷിതവുമായ വഴിയാണ്. ഭൂതകാലം കഴിഞ്ഞുപോയ ദിനങ്ങളാണ്. ഇനി അവയെപ്പറ്റി പരിതപിച്ചിട്ട് കാര്യമില്ല. വിജയമാണെങ്കിലും പരാജയമാണെങ്കിലും അവയുടെ മുമ്പിൽ നാം നിസ്സഹായരാണ്. ഭാവിയിലേക്ക് നോക്കുമ്പോൾ നമ്മിൽ നിറയുന്നത് ഉത്ക്കണ്ഠയും അനിശ്ചിതത്വവും ആയിരിക്കാം. എന്നാൽ വർത്തമാനകാലം പൂർണ്ണമായും നമുക്കുള്ളതാണ്. ഇന്നിൽ മാത്രം ജീവിക്കുന്ന ഒരു ശിശുവിനെപ്പോലെ സ്നേഹംകൊണ്ടു ജ്വലിക്കുന്ന ഒരു ഹൃദയവുമായി ദൈവത്തെ മഹത്ത്വപ്പെടുത്തുകയും മറ്റുള്ളവരെ നോക്കി പുഞ്ചിരിക്കുകയും ചെയ്യാൻ കഴിഞ്ഞാൽ അത് വിശുദ്ധിയുടെ പാത തന്നെയാണ്. ഉണ്ണിയീശോയുടെ വിശുദ്ധ കൊച്ചുത്രേസ്യാ പറയുന്നു: "എന്റെ ദൈവമേ നിനക്കറിയാമല്ലോ ഈ ഭൂമിയിൽ നിന്നെ സ്നേഹിക്കാൻ എനിക്ക് ഇന്ന് മാത്രമേയുള്ളൂ"

"മരണത്തെക്കുറിച്ചുള്ള ചിന്തകൾ" എന്ന ഗ്രന്ഥത്തിൽ പോൾ ആറാമൻ മാർപാപ്പ ഇപ്രകാരം എഴുതി. "ഞാൻ അകപ്പെടുന്ന അനുദിന സാഹചര്യങ്ങളിൽ നിന്നു വരുന്ന കർത്തവ്യങ്ങൾ

സന്തോഷത്തോടെ, നിസ്വാർത്ഥമായി, താഴ്മയോടെ, ധൈര്യത്തോടെ ഞാൻ ചെയ്യും". ഭൂതകാലത്തിന്റെയും ഭാവികാലത്തിന്റെയും മുൻപിൽ നാം നിസ്സഹായരാണെങ്കിലും കഴിഞ്ഞകാലത്തെ തെറ്റുകളെപ്പറ്റി മനസ്തപിക്കാനും അവ ആവർത്തിക്കാതിരിക്കാനും നമുക്കു കഴിയും. ഭാവിയെപ്പറ്റി ഉത്കണ്ഠാകുലരാകാതെ ദൈവത്തിൽ ആശ്രയിക്കുവാനും പ്രത്യാശയോടെ മുന്നോട്ടു പോകുവാനും നമുക്ക് കഴിയണം. അതിനുള്ള നല്ല അവസരമാണ് നോമ്പുകാലം നമുക്കു പ്രദാനം ചെയ്യുന്നത്. കുരിശിന്റെ വിശുദ്ധ പൗലോസ് എഴുതുന്നു: "ഓരോ നിമിഷവും അവനിൽ ജീവിക്കാൻ ശ്രമിച്ചുകൊണ്ട് എല്ലാ കാര്യത്തിലും അവന്റെ ഇച്ഛ നന്നായി നിറവേറ്റുന്നതിലുപരി മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാതെ ദൈവഹൃദയത്തിൽ കുടികൊള്ളുന്ന ആത്മാവ് സന്തോഷമുള്ളതാകുന്നു."

നാൽപതു ദിവസം മരുഭൂമിയിൽ ചിലവഴിച്ച മിശിഹായെ ധ്യാനിച്ചുകൊണ്ടാണല്ലോ നാം നോമ്പുകാലം ആരംഭിക്കുക. മരുഭൂമിയിലെ നിശബ്ദതയിലും ഉപവാസത്തിലും പ്രാർത്ഥനയിലും ജാഗരണത്തിലും ഈശോ ദൈവത്തോടു കൂടിയായിരുന്നു. അതുപോലെ അനുദിന ജീവിതത്തിലെ നിരവധി കലപില ശബ്ദങ്ങൾക്കിടയിൽ ദൈവശബ്ദം വിവേചിച്ചറിയുവാൻ നമുക്കു കഴിയണം. ശബ്ദങ്ങൾക്കിടയിലെ ശബ്ദമില്ലായ്മയാണ് നിശബ്ദത. അത് ഓരോ നിമിഷവും ദൈവത്തോടൊപ്പമാണ് നാം അനുഭവിക്കേണ്ടത്. കാരണം, നിശബ്ദതയെ സ്നേഹിക്കുന്നവർ സ്നേഹിക്കുന്നത് ദൈവത്തിന്റെ സ്വരത്തെയാണ്.

നോമ്പുകാലം അനുതാപത്തിന്റെയും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും മാംസവർജ്ജനത്തിന്റെയും ദിനങ്ങളാണല്ലോ. വിശുദ്ധ പൗലോസ്ശ്ലീഹാ പറയുന്നതുപോലെ "ഞാൻ മിശിഹായോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു" (ഗലാ 2,20) എന്ന ബോധ്യത്തിൽനിന്നും "അവനോടുകൂടി ഉയിർപ്പിക്കപ്പെടുക" (കൊളോ 3,11) എന്ന ലക്ഷ്യത്തിലേക്ക് വളരുവാൻ നമുക്കു പരിശ്രമിക്കാം. നോമ്പുകാലം ശനിയാഴ്ചയിലെ എന്ദാനാ പ്രാർത്ഥനയോട് നമുക്കും ഇപ്രകാരം ഒന്നുചേരാം: "ഞങ്ങളുടെ പാപപരിഹാരാർത്ഥം സ്ലീവാ മരണത്തോളം താഴുവാൻ തിരുമനസ്സായ മിശിഹായേ, ശൂന്യവത്കരണത്തിന്റെയും ആത്മസമർപ്പണത്തിന്റെയും അമൂല്യത ഞങ്ങളെ പഠിപ്പിക്കണമേ. നോമ്പിന്റെ യഥാർത്ഥ ചൈതന്യത്തിൽ അഹങ്കാരവും സ്വാർത്ഥതയും കൈവെടിയുവാനും വിനയത്തിന്റെയും സൽപ്രവർത്തികളുടെയും മാർഗ്ഗത്തിലൂടെ ചരിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ"



### പാദുവായിലെ വി. അന്തോനീസ്

*നമ്മൾ പ്രാർത്ഥിക്കുകയും പരിത്യാഗങ്ങൾ ചെയ്യുകയും ചെയ്യുമ്പോൾ പിശാചിന് നമ്മെ ഭയമാണ്. എന്നാൽ നാം കുരിശടയാളം വരയ്ക്കുമ്പോൾ അവൻ നമ്മിൽ നിന്നും ഓടിയകലുന്നു.*



സെനക്കിൽ ആദ്ധ്യാത്മികത - 76

# സഭാജീവിതം: രക്തസാക്ഷിത്വ ജീവിതം

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

**ഈ**ശോയുടെ ശിഷ്യത്വത്തിലേക്കുള്ള വിളിയാണല്ലോ വിശ്വാസികളുടെ സമൂഹമായ സഭയിലേക്കുള്ള വിളി. ക്രിസ്തുശിഷ്യത്വത്തിന്റെ മാതൃകയാണ് യോഹന്നാൻശ്ലീഹാ. യോഹന്നാൻശ്ലീഹായുടെ ഭാവിജീവിതത്തെപ്പറ്റി പത്രോസ് ഈശോയോടു ചോദിക്കുന്ന സന്ദർഭമാണ് യോഹ 21-ാം അദ്ധ്യായം 20 മുതൽ 23 വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നത്. ഇവിടെ പത്രോസിന്റെ ചോദ്യവും ഈശോയുടെ മറുപടിയും സഭാജീവിതത്തിന്റെ സ്വഭാവം വ്യക്തമാക്കുന്ന ഒരു അവസരമായി കാണാവുന്നതാണ്.

## സഭ: ഈശോ സ്നേഹിക്കുന്ന ശിഷ്യരുടെ സമൂഹം

'ഈശോ സ്നേഹിച്ച ശിഷ്യൻ' ഈശോ സ്നേഹിക്കുന്ന എല്ലാ ശിഷ്യരുടെയും പ്രതിനിധിയാണ്. യോഹന്നാൻ തന്റെ സുവിശേഷത്തിൽ ഒരിക്കലും തന്റെ സ്വന്തം പേരു പറയുന്നില്ല. തന്റെ പേരു പറയേണ്ടിടത്ത് 'ഈശോ സ്നേഹിച്ച ശിഷ്യൻ' എന്നാണു പറയുന്നത് (19,26). ഇതു തീർച്ചയായും യോഹന്നാനെ ഈശോയുടെ സ്നേഹം എത്രമാത്രം സ്വാധീനിച്ചു എന്നതിന്റെ ഒരടയാളമാണ്. എന്നാൽ അതിൽ ഒതുങ്ങിനില്ക്കുന്ന ഒന്നായി മാത്രം അതു മനസ്സിലാക്കുന്നത് ശരിയല്ല. കാരണം യോഹന്നാന്റെ സുവിശേഷം പ്രതീകാത്മകമായ ഒരു സുവിശേഷമാണ്. ഈശോയുടെ പ്രവർത്തനങ്ങളെയെല്ലാം അടയാളങ്ങളായിട്ടാണ് യോഹന്നാൻ വിശേഷിപ്പിക്കുന്നത് (യോഹ 20,30-31). അതുകൊണ്ട് 'ഈശോ സ്നേഹിച്ച ശിഷ്യൻ' എന്നത് ഓരോ വിശ്വാസിയെയും പ്രതിനിധീകരിക്കുന്ന ഒരു വിശേഷണമായിട്ടു കാണണം. അപ്രകാരം സഭ മനസ്സിലാക്കി എന്നതിന്റെ സൂചനയാണ് യോഹ 19,25-27 ലുള്ളത്. കുരിശിൽ കിടക്കുന്ന ഈശോ മറിയത്തോട് 'ഇതാ നിന്റെ മകൻ' എന്നു യോഹന്നാനെക്കുറിച്ചും യോഹന്നാനോട് 'ഇതാ നിന്റെ അമ്മ' എന്നു മറിയത്തെക്കുറിച്ചും പറയുന്നു. തന്നിൽ വിശ്വസിക്കുന്ന ശിഷ്യരുടെയെല്ലാം പ്രതിനിധിയായിട്ടാണ് യോഹന്നാൻ അവിടെ ചിത്രീകരിക്കപ്പെടുന്നത്. അതുകൊണ്ട് ഈശോയിൽ വിശ്വസിക്കുന്നവരെല്ലാം ഈശോയുടെ സ്നേഹത്തിനു പാത്രീഭൂതരായ ശിഷ്യരാണ്. സഭാസമൂഹം ഈശോ സ്നേഹിക്കുന്ന ശിഷ്യരുടെ സമൂഹവുമാണ്.

## സഭ: രക്തസാക്ഷികളുടെ സമൂഹം

ഈശോ പത്രോസിനോടു പറഞ്ഞ വാക്കുകൾ രക്തസാക്ഷിത്വത്തെ സൂചിപ്പിക്കുന്ന വാക്കുകളാണ്: "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു. ചെറുപ്പമായിരുന്നപ്പോൾ നീ

സ്വയം അരമുറുക്കുകയും ഇഷ്ടമുള്ളിടത്തേക്കു പോവുകയും ചെയ്തിരുന്നു. എന്നാൽ പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ അര മുറുക്കുകയും നീ ആഗ്രഹിക്കാത്തിടത്തേക്കു നിന്നെ കൊണ്ടുപോവുകയും ചെയ്യും. ഇത് അവൻ പറഞ്ഞത് ഏതു വിധത്തിലുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്വപ്പെടുത്തും എന്നു സൂചിപ്പിക്കാനാണ്" (21,18-19). 'സ്വയം അരമുറുക്കുക' എന്നു പറഞ്ഞാൽ സ്വന്തം ഹിതപ്രകാരം തീരുമാനങ്ങളെടുക്കുകയും അവ പ്രാവർത്തികമാക്കുകയും ചെയ്യുക എന്നാണ് അർത്ഥമാക്കുന്നത്. ശിഷ്യത്വം ആത്യന്തികമായി രക്തസാക്ഷിത്വം ആവശ്യപ്പെടുന്ന ഒരു ജീവിതശൈലിയാണ്. എല്ലാറ്റിനുമുപരി ഈശോയെ സ്നേഹിക്കുക എന്നുവച്ചാൽ ജീവനെക്കാളുപരി എന്നാണർത്ഥം. ജീവനാണല്ലോ മനുഷ്യന് ഏറ്റം പ്രിയപ്പെട്ടതും വിലപ്പെട്ടതും. അതുപോലും ത്യജിക്കുവാൻ തയ്യാറാകുന്നവർക്കേ ശിഷ്യത്വം അതിന്റെ തനിമയിൽ ജീവിക്കാനാവൂ. ഇങ്ങനെ ശിഷ്യത്വം ജീവിക്കാനും ഈശോയെ അനുഗമിക്കാനും താൻ തയ്യാറാണെന്നു പത്രോസ് ഒരിക്കൽ പ്രഖ്യാപിച്ചിരുന്നു (യോഹ 13,37). എന്നാൽ അങ്ങനെ ഈശോയെ അനുഗമിക്കുവാൻ അന്നു പത്രോസിനു കഴിയുമായിരുന്നില്ല. ഇക്കാര്യം ഈശോ പത്രോസിനെ അറിയിക്കുകയും ചെയ്തു (യോഹ 13,38). പത്രോസിന്റെ പിന്നീടുണ്ടായ അനുഭവം അതു ശരിയാണെന്നു തെളിയിക്കുകയും ചെയ്തു. എന്നാൽ ഉത്ഥാനത്തിനുശേഷം പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ശക്തിപ്രാപിച്ച പത്രോസിന് ശിഷ്യത്വം അതിന്റെ തനിമയിൽ ജീവിക്കാൻ സാധിക്കും എന്ന പ്രഖ്യാപനമാണ് ഇവിടെ ഈശോ നിർവ്വഹിക്കുന്നത്. എല്ലാ വിശ്വാസികളും ഇതുപോലെ രക്തസാക്ഷിത്വം ജീവിക്കാൻ വിളിക്കപ്പെട്ടവരാണ്.

### സഭയും ജീവിക്കുന്ന രക്തസാക്ഷിത്വവും

പത്രോസ് തിരിഞ്ഞുനോക്കിയപ്പോൾ ഈശോ സ്നേഹിച്ചിരുന്ന ശിഷ്യൻ പിന്നാലെ വരുന്നതുകണ്ടു. അവനെ കണ്ടപ്പോൾ പത്രോസ് ഈശോയോടു ചോദിച്ചു: കർത്താവേ, ഇവന്റെ കാര്യം എന്ത്? ഈശോ പറഞ്ഞു; ഞാൻ വരുന്നതുവരെ അവൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത്? (21,20-22). ഞാൻ വരുന്നതുവരെ എന്നത് ഈശോയുടെ രണ്ടാം ആഗമനത്തെയാണ് സൂചിപ്പിക്കുന്നത്. അത് ഒരു വ്യക്തിയുടെ മരണത്തെക്കുറിച്ചും ലോകാവസാനത്തെപ്പറ്റിയും പറയാവുന്നതാണ്. ഈശോയുടെ ഈ വാക്കുകൾ യോഹന്നാന്റെ മരണത്തെക്കുറിച്ചാണെങ്കിൽ അതു യോഹന്നാന്റെ ജീവിതസാക്ഷ്യത്തെ സൂചിപ്പിക്കുന്നതാണ്. രക്തസാക്ഷിത്വം രണ്ടുവിധത്തിലാകാം. വിശ്വാസത്തെപ്രതി മറ്റുള്ളവരാൽ വധിക്കപ്പെട്ടും, വിശ്വാസത്തിനുവേണ്ടി വിശ്വസ്തതയോടെ മരണംവരെ ജീവിതസാക്ഷ്യം നൽകികൊണ്ടും. പത്രോസ് മരണത്താലുള്ള രക്തസാക്ഷിത്വത്തെ പ്രതിനിധീകരിക്കുന്നെങ്കിൽ യോഹന്നാൻ വിശ്വാസ ജീവിതമാകുന്ന രക്തസാക്ഷിത്വത്തെ പ്രതിനിധീകരിക്കുന്നു. സഭയിൽ ഭൂരിഭാഗവും അപ്രകാരം ജീവിക്കുന്ന രക്തസാക്ഷിത്വം വരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ്.

## സാക്ഷ്യവും സുവിശേഷവും

യോഹന്നാൻ തന്റെ ജീവിതത്തിലൂടെയും സുവിശേഷരചനയിലൂടെയും ഈശോയുടെ സുവിശേഷത്തിനു സാക്ഷ്യം നല്കി (യോഹ 21,24-25). ഓരോ ക്രൈസ്തവന്റെയും അടിസ്ഥാനപരമായ ദൗത്യമാണ് സുവിശേഷത്തിനു സാക്ഷ്യം നൽകുക എന്നത്. രക്തസാക്ഷിത്വത്തിലൂടെ സാക്ഷ്യം വഹിക്കുവാനുള്ള കൃപ എല്ലാവർക്കും ലഭിക്കണമെന്നില്ല. എന്നാൽ ജീവിതംകൊണ്ടും വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും സാദ്ധ്യമായ എല്ലാ വിധത്തിലും സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാൻ എല്ലാ ക്രൈസ്തവരും വിളിക്കപ്പെട്ടവരും അയയ്ക്കപ്പെട്ടവരുമാണ്. അപ്രകാരം ജീവിതംകൊണ്ടും മരണംകൊണ്ടും സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്ന ഒരു സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ എല്ലാ ക്രൈസ്തവരും വിളിക്കപ്പെട്ടിരിക്കുന്നു.




**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ലാ**റ്റിനമേരിക്കൻ രാജ്യങ്ങളിൽ പുതുവർഷത്തോടനുബന്ധിച്ചുള്ള ഒരു പ്രത്യേക ആചാരമുണ്ട്. വീട്ടിലെ പഴയതുണികളും ഉപയോഗശൂന്യമായ വസ്തുക്കളും ചേർത്ത് ഒരു വലിയ പാവയെ ഉണ്ടാക്കും. ആ പാവയ്ക്കുള്ളിൽ ചെറിയ സ്ഫോടകവസ്തുക്കളും ഉണ്ടാകും. രാത്രിയാകുമ്പോൾ വീട്ടിലെ അംഗങ്ങളെല്ലാവരും പാവയ്ക്കു മുമ്പിൽ നിന്ന് പോയവർഷം തങ്ങൾക്കുണ്ടായ പരാജയങ്ങളും ദുഃഖങ്ങളും വിളിച്ചുപറയുകയും, തങ്ങളുടെ പ്രതിഷേധവും പ്രതികാരവും നൊമ്പരങ്ങളും എല്ലാം പാവയോട് പ്രകടിപ്പിക്കുകയും ചെയ്യും. അവസാനം പാവയ്ക്ക് തീ കൊളുത്തും. അത് പൊട്ടിത്തെറിച്ച് കത്തിച്ചാമ്പലാകും. അതിനുശേഷം പഴയവയെല്ലാം മറന്ന് കുടുംബാംഗങ്ങൾ എല്ലാവരും സമാധാനമായി കിടന്നുറങ്ങും. പഴയതിന്റെ അവശിഷ്ടമായി ഇനി ഒന്നുമില്ല. എല്ലാം പുതിയവ മാത്രം...

മനുഷ്യകുലത്തിന്റെ നൊമ്പരങ്ങളും പാപങ്ങളും സ്വയം ഏറ്റെടുത്ത് മനുഷ്യനെ നവീകരിക്കാനായി ഈശോ കാൽവരി കയറിയതിന്റെ ധന്യതയാർന്ന ഓർമ്മയാചരണത്തിലേക്ക് നാം പ്രവേശിച്ചിരിക്കയാണ്. എശയ്യാ പ്രവചനം അവനിൽ നിറവേറി: “നമ്മുടെ വേദനകളാണ് അവൻ വഹിച്ചത്. നമ്മുട ദുഃഖങ്ങളാണ് അവൻ ചുമന്നത്. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി അവൻ ക്ഷതമേൽപ്പിക്കപ്പെട്ടു. അവന്റെമേലുള്ള ശിക്ഷ നമുക്ക് രക്ഷ നൽകി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു” (ഏശ 53,4-5).

നോമ്പുകാലം സൗഖ്യം പ്രാപിക്കലിന്റെ, രക്ഷ നേടലിന്റെ, നവീകരണത്തിന്റെ കാലമാണ്. പഴയമനുഷ്യനെ അവന്റെ ചെയ്തികളോടുകൂടി ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കാനുള്ള (എഫേ 4,24) ദിവ്യമായ ക്ഷണമാണ് ഈ കാലം നമുക്കു നല്കുക. ആദ്യമനുഷ്യനായ ആദം നമ്മെ ധരിപ്പിച്ച പാപത്തിന്റെ കുപ്പായം പുതിയ ആദമായ ഈശോ തന്റെ തിരുരക്തത്താൽ കഴുകി വെടിപ്പാക്കി നമ്മെ ധരിപ്പിക്കുന്ന അനുഗ്രഹത്തിന്റെ സമയമാണ് ‘നോമ്പ്’. ഇവിടെ എന്താണ് നാം ചെയ്യേണ്ടത്?

ഒന്നാമതായി ഈശോയെ ധരിക്കാൻ അതിയായി ആഗ്രഹിക്കുക. എന്റെ ജീവിതം ഈശോയാകുന്ന മാർഗ്ഗത്തിലൂടെ നയിക്കപ്പെടാനും പുത്തനാക്കപ്പെടാനുമുള്ള തീവ്രമായ അഭിവാഞ്ഛ

നമ്മിലുണ്ടാകണം. അവിടെ മാത്രമേ നവീകരണം നടക്കൂ... അവിടുത്തേയ്ക്ക് നമ്മിൽ പ്രവർത്തിക്കാനാവൂ.

രണ്ടാമതായി, മുറിയപ്പെടാനായി വിട്ടുകൊടുക്കുക. മുറിയപ്പെട്ട തണ്ടിലേ, പുതുനാമ്പും പുത്തൻഫലങ്ങളും ഉണ്ടാവൂ... അഴിയപ്പെടാതെ ഗോതമ്പുമണി ഫലം നല്കാറില്ല. ഉരുകിത്തീരുമ്പോഴാണ് മെഴുകുതിരി പ്രകാശം പരത്തുന്നത്. "ഒന്നിന്റെ നാശം, മറ്റൊന്നിന്റെ ജന്മത്തിന് കാരണമാകുന്നു" എന്ന ഫിലോസഫിക്കൽ ചിന്ത ഇവിടെ അർത്ഥവത്താണ്. ഈ നോമ്പുകാലത്ത് നമ്മുടെ അഹം മുറിയപ്പെടാൻ ഇടയാകട്ടെ. അവിടെ എളിമയുടെയും സ്നേഹത്തിന്റെയും പുത്തൻ നാമ്പുകൾ മുളയ്ക്കും. വിശുദ്ധിയുടെ ഫലങ്ങൾ പുറപ്പെടും.

മൂന്നാമതായി നമ്മുടെ ഹൃദയത്തിന്റെ അടിത്തട്ടിലെ നൊമ്പരങ്ങളും ഫലശൂന്യതയും അന്ധകാരവും എല്ലാം നമുക്കുവേണ്ടി മുറിയപ്പെട്ടവന്റെ ഹൃദയത്തിലേയ്ക്ക് സമർപ്പിക്കണം. നമുക്കുവേണ്ടി അവിടുത്തെ ഹൃദയത്തിൽ ജ്വലിക്കുന്ന സ്നേഹാഗ്നിയിൽ അവയെല്ലാം വിശുദ്ധീകരിക്കപ്പെടും. നവീകരിക്കപ്പെടും. അവിടെ ഹൃദയസമാധാനവും ഫലദായകത്വവും ഉണ്ടാവുകയും ചെയ്യും. "ഇതാ ഞാൻ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു... പൂർവ്വകാര്യങ്ങൾ അനുസ്മരിക്കുകയോ അവ മനസ്സിൽ വരികയോ ഇല്ല. ഞാൻ സൃഷ്ടിക്കുന്നവയിൽ നിങ്ങൾ നിത്യം സന്തോഷിക്കുകയും ആനന്ദിക്കുകയും ചെയ്യുവിൻ" (ഏശയ്യാ 65,17).

## കൽക്കട്ടയിലെ വിശുദ്ധ തെരേസ (1910–1997)



"എന്റെ രഹസ്യം തീർത്തും ലളിതമാണ്. ഞാൻ പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയിലൂടെ ഞാൻ മിശിഹായോടുള്ള സ്നേഹവുമായി ഒന്നിക്കുന്നു. പ്രാർത്ഥന അവിടത്തെ സ്നേഹിക്കലാണെന്നും അവിടത്തോടൊപ്പം ജീവിക്കലാണെന്നും കാണുന്നു. അതിന്റെ അർത്ഥം അവിടത്തെ വാക്കുകൾ യാഥാർത്ഥ്യമായിത്തീരുകയെന്നതാണ്... എന്നെ സംബന്ധിച്ചിടത്തോളം പ്രാർത്ഥിക്കുകയെന്നതിന്റെ അർത്ഥം ദിവസത്തിൽ ഇരുപത്തിനാലു മണിക്കൂറും ഈശോയുടെ ഹിതത്തോട് ഒന്നിച്ചിരിക്കുകയെന്നതാണ്. അവിടത്തേക്കുവേണ്ടി, അവിടന്നിലൂടെ, അവിടത്തോടൊപ്പം ജീവിക്കുകയെന്നതാണ്."




**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

**സാ**ർവ്വത്രികസാഹോദര്യത്തിനു വിഘാതമായി നിൽക്കുന്ന ആധുനിക പ്രവണതകളെക്കുറിച്ചും ഇരുളടഞ്ഞ ലോകത്തിൽ പ്രകാശം പരത്തുന്ന നല്ല സമറായന്റെ ഉപമയെക്കുറിച്ചും തുറവിയുള്ള ലോകം സൃഷ്ടിച്ചുകൊണ്ട് അപരനിലേക്ക് സഞ്ചരിക്കേണ്ടതിനെക്കുറിച്ചും ലോകം മുഴുവനിലേക്കും തുറന്നിരിക്കുന്ന ഒരു ഹൃദയത്തെക്കുറിച്ചും നാല് അദ്ധ്യായങ്ങളിലൂടെ പഠിപ്പിച്ച പാപ്പാ ഫ്രത്തേല്ലി തൂത്തിയുടെ അഞ്ചാമത്തെ അദ്ധ്യായത്തിൽ 'മെച്ചപ്പെട്ട ഒരു രാഷ്ട്രീയ സംവിധാനത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്: A better kind of Politics. പൊതുനന്മയെ (common good) ലക്ഷ്യം വച്ചുള്ള രാഷ്ട്രീയവും രാഷ്ട്രീയപ്രവർത്തനവുമാണ് പാപ്പാ ഇവിടെ ആഹ്വാനം ചെയ്യുന്നത്.'

രണ്ടു തരത്തിലുള്ള രാഷ്ട്രീയ രൂപങ്ങളെക്കുറിച്ച് പ്രധാനമായും ഇവിടെ പ്രതിപാദിക്കുന്നുണ്ട്. "ജനബഹുല രാഷ്ടീയം", "ജനപ്രിയ രാഷ്ട്രീയം" എന്നൊക്കെ വിശേഷിപ്പിക്കാവുന്ന populism എന്ന രാഷ്ട്രീയ രൂപത്തെക്കുറിച്ചും "മിതവാദരാഷ്ട്രീയം" "ഉദാരരാഷ്ട്രീയം", "പുരോഗമനരാഷ്ട്രീയം" എന്നൊക്കെ വിശേഷിപ്പിക്കാവുന്ന liberalism എന്ന മറ്റൊരു രാഷ്ട്രീയ രൂപത്തെക്കുറിച്ചുമാണ് അവതരിപ്പിക്കുന്നത്.

ഈ രണ്ട് രാഷ്ട്രീയ ശൈലികളുടെ ദർശനങ്ങളുടെയും പ്രവർത്തനങ്ങളുടെയും പശ്ചാത്തലത്തിലാണ് 'മെച്ചപ്പെട്ട രാഷ്ട്രീയ'ത്തെക്കുറിച്ച് പാപ്പാ പറയുന്നത്. ജനത്തെ തിരിച്ചറിയുന്ന, ജനങ്ങളോട് സംവദിക്കുന്ന, പൊതുനന്മ ലക്ഷ്യമാക്കിയുള്ള നവീനമായ ഒരു രാഷ്ട്രീയ ദർശനമാണ് ഇന്നിന്റെ ആവശ്യം.

പോപ്പുലിസത്തിന്റെയും ലിബറലിസത്തിന്റെയും ചില രൂപങ്ങൾ-രീതികൾ എപ്രകാരമെന്ന് പാപ്പാ ഫ്രത്തേല്ലി തൂത്തിയുടെ നൂറ്റിയൻപത്തിയഞ്ചുമുതൽ നൂറ്റിയറുപത്തിയൊൻപതു വരെയുള്ള ഖണ്ഡികകളിൽ അവതരിപ്പിക്കുന്നുണ്ട്.

1. ജനപ്രിയമെന്നു തോന്നിപ്പിക്കുന്നുവെങ്കിലും അതു ഭൂരിപക്ഷത്തിനും അപ്രിയകരമാണ്.

2. ദുർബലരുടെ ആവശ്യങ്ങളെ മാനിക്കാത്തതും ശക്തരുടെ ഇഷ്ടങ്ങളെ മാത്രം പരിഗണിക്കുന്നതുമാണ്.
3. ജനാധിപത്യത്തിന്റെ അടിസ്ഥാനപരമായ 'ജനം' എന്ന യാഥാർത്ഥ്യത്തെ പലപ്പോഴും വിസ്മരിക്കുന്നു.
4. താത്ക്കാലിക നേട്ടങ്ങളെ മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ള രാഷ്ട്രീയനയം സ്വീകരിക്കുന്നു.
5. ദുർബലവിഭാഗത്തിന്റെ സംസ്ക്കാരത്തെ രാഷ്ട്രീയമായി ചൂഷണം ചെയ്യുന്നു.
6. വോട്ടും പിൻബലവും കിട്ടാൻവേണ്ടി താത്ക്കാലിക പദ്ധതികൾ വിഭാവനം ചെയ്യുന്നു.
7. ജനം എന്ന യാഥാർത്ഥ്യത്തെ തിരസ്കരിക്കുന്ന വ്യക്തിഗതഉദാരസമീപനങ്ങൾ സ്വീകരിക്കുന്നു.

ഇത്തരത്തിലുള്ള സാഹചര്യത്തിൽ ജനനന്മമാത്രം ലക്ഷ്യമാക്കിയുള്ള തൊഴിലുകൾ ക്രമീകരിക്കുന്നതാണ് "ജനകീയവും" "ജനപ്രിയവും" ആയിട്ടുള്ളത്. രാഷ്ട്രവും അതിന്റെ നിയമവും ജനനന്മ ഉറപ്പുവരുത്തണം. സമൂഹത്തിന്റെ എല്ലാവിഭവങ്ങളും പൊതു നന്മയ്ക്കായി ഉപയോഗിക്കാം. മുറിവേറ്റ് കിടക്കുന്നവന്, നല്ല സമറായക്കാരൻ അവന് നൽകുവാൻ കഴിയുന്ന സഹായം ചെയ്തു. അവന് കഴിയാത്തത് സത്രം സമ്മാനിച്ചു. അതുപോലെ ദരിദ്രരുടെയും ജീവിതത്തിന്റെ പ്രതികൂലസാഹചര്യങ്ങളിൽ കഴിയുന്നവരുടെയും നന്മയ്ക്കായി എല്ലാവരും കൂട്ടായി പരിശ്രമിക്കേണ്ടതുണ്ട്. സന്നദ്ധ സംഘടനകളും സംവിധാനങ്ങളും മറ്റും 'സാഹോദര്യത്തിന്റെ ചൈതന്യത്തോടെ' (with a greater spirit of fraternity) ഇടപെടുമ്പോഴാണ് യഥാർത്ഥ സ്നേഹം (true charity) സംജാതമാകുന്നത്.

ഇപ്രകാരം ചെയ്യേണ്ടതിന് ഒരു ഹൃദയപരിവർത്തനം ആവശ്യമായിട്ടുണ്ട്. അധികാരത്തിന്റെ ശക്തി ആസ്വദിക്കുന്നവർക്ക് എല്ലാം അധികമായിത്തന്നെ ലഭിക്കുമ്പോൾ അവകാശം നഷ്ടപ്പെട്ടവർ അത്താണി ഇല്ലാതെ അലയുന്നു. സ്വന്തമായതിനെക്കുറിച്ചും സ്വന്തം സമൂഹത്തെക്കുറിച്ചും സ്വന്തം താത്പര്യത്തെക്കുറിച്ചും മാത്രം ചിന്തിക്കുന്ന ശൈലിയിൽ നിന്നും അപരനെ പരിഗണിക്കുന്ന ഒരു ഹൃദയപരിവർത്തനം (a change of heart) ഉണ്ടാവണം.

പൊതുനന്മ ഉറപ്പുവരുത്തുന്ന അന്താരാഷ്ട്രശക്തി (international power) സംവിധാനങ്ങളെക്കുറിച്ചും പാപ്പാ ഓർമ്മിപ്പിക്കുന്നുണ്ട്. ബലമുള്ളവൻ ബലഹീനവ്യക്തിയുടെയും സമൂഹങ്ങളുടെയും അവകാശങ്ങളെ മറക്കാതിരിക്കുകയും അവരുടെ മഹത്ത്വത്തെ മാനിക്കുകയും ചെയ്യണം. ഓരോ രാജ്യവും അതിന്റെ മാത്രം സ്ഥാപിതതാത്പര്യങ്ങൾ സംരക്ഷിക്കുവാൻ വെമ്പൽ കൊള്ളുന്ന സാഹചര്യത്തിൽ എല്ലാവർക്കും നീതി ഉറപ്പുവരുത്തുന്നതും പൊതുനന്മ കാംക്ഷിക്കുന്നതുമായ ഒരു അന്താരാഷ്ട്രസംവിധാനം രൂപപ്പെടേണ്ടതായിട്ടുണ്ട്. ലോകവ്യാപകമായി പൊതുനന്മ ഉറപ്പുവരുത്തുന്ന, വിശപ്പും ദാരിദ്ര്യവും തുടച്ചു മാറ്റുന്ന, മൗലികമായ മനുഷ്യാവകാശങ്ങളെ സംരക്ഷിക്കുന്ന, ഒരു സംവിധാനം ഉണ്ടാകണം. United Nations Organization (UNO) പോലെയുള്ള സംവിധാനങ്ങൾ വളർന്നു വരണം. ഒരു വിഭാഗത്തിന്റെ കൈയിൽ മാത്രം ശക്തി സംഭരിക്കപ്പെടുകയും മറുവിഭാഗത്തെ അടിച്ചമർത്തുകയും ചൂഷണം ചെയ്യുകയും ചെയ്യുക എന്ന സാഹചര്യത്തിൽനിന്നു മാറി പൊതുനന്മ എല്ലാവർക്കും തുല്യമായി ഉറപ്പുവരുത്തുന്ന വ്യവസ്ഥിതിയാണ് ഉണ്ടാകേണ്ടത്.




**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"**ന**മ്മളോട് തെറ്റുചെയ്യുന്നവരോടു മറുപടി പറയേണ്ടി വരുമ്പോൾ എപ്പോഴും മാധുര്യത്തോടുകൂടി പറയുവാൻ നാം ശ്രദ്ധാലുക്കളായിരിക്കണം" (ദൈവദാസൻ വില്യം ജക്വീന്താ)

ലോകം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ഉദാത്തമായ സ്നേഹത്തിന്റെ മാതൃക ഈശോയിലാണ് നമുക്കു കണ്ടെത്താനാവുക. "സ്നേഹിതർക്കുവേണ്ടി ജീവൻ ത്യജിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല"എന്നു പറഞ്ഞ അവിടുത്തെ വചനങ്ങൾ ജീവസ്സുറ്റതും ഏകസത്യദൈവമായ പിതാവിനെ വെളിപ്പെടുത്തുന്നതുമായിരുന്നു. തന്റെ എതിരാളികൾക്കാർക്കും തോൽപ്പിക്കാൻ സാധിക്കാത്തവിധം ജീവിതത്തിന്റെ സത്യസന്ധതയും സത്യത്തോടുള്ള പ്രതിബദ്ധതയും ശത്രുക്കളെപ്പോലും മിത്രമാക്കുന്ന ക്ഷമിക്കുന്ന സ്നേഹത്തിന്റെ പ്രകാശനവും നമുക്ക് ഈശോയിൽ കാണാൻ സാധിക്കും. തെറ്റുകളെ ശരിയായി ചിത്രീകരിക്കുകയും ശരിയെ വികൃതമാക്കുകയും ചെയ്യുന്ന ഒരു ലോകമാണിത്. കൺമുൻപിൽ വ്യക്തവും അനാവൃതവുമായ സത്യത്തെപ്പോലും മനഃപൂർവ്വം അവഗണിക്കുകയും വളച്ചൊടിക്കുകയും ഇകഴ്ത്തിപ്പാടുകയും ചെയ്യാൻ യാതൊരു സങ്കോചവുമില്ലാത്ത ചാനൽ ജഡ്ജിമാരും സദാചാര പാലകരും ഉറഞ്ഞുതുള്ളുന്നതു കാണുമ്പോൾ കൈയടിച്ചു പ്രോത്സാഹിപ്പിക്കുന്നവരുടെ എണ്ണം ഏറിവരികയാണ്. മനുഷ്യനെന്ന നിലയിൽ പരസ്പരം വിലമതിക്കുകയും അംഗീകരിക്കുകയും നന്മയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കേ എവിടെയെങ്കിലും ഒരു തെറ്റ് കണ്ടാൽ ആ തെറ്റിനെ പർവ്വതീകരിച്ച് വഷളാക്കാൻ വെമ്പൽകൊള്ളുന്ന ചില ആളുകളുണ്ട്. തങ്ങൾ സർവ്വജ്ഞാനികൾ എന്ന വിധത്തിലും തെറ്റാവരം തങ്ങളുടെ മാത്രം സ്വന്തമെന്ന മട്ടിലും ആളുകളിക്കാൻ ശ്രമിക്കുന്നവരോട് ഒരു ചോദ്യം: ആരാണ് നിങ്ങളെ സമൂഹത്തിന്റെ ശരിതെറ്റുകൾ നിർണയിക്കുന്ന വിധികർത്താക്കളായി നിയമിച്ചത്?

ഏതാനും നാളുകൾക്ക് മുമ്പ് ക്രൈസ്തവസമൂഹം ഏറ്റവും പരിപാവനമായി കരുതിപ്പോന്ന സന്യാസത്തെ ലെസ്ബിയനിസത്തിന്റെ കോപ്രായങ്ങൾ ആയി ചിത്രീകരിക്കുന്ന ഒരു ഫോട്ടോഷൂട്ട് നടന്നു. ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരുപറഞ്ഞ് എന്തും ചെയ്യാം, പറയാം, ആരുണ്ട്

ചോദ്യം ചെയ്യാൻ എന്ന രീതിയിലേക്ക് നമ്മുടെ സ്വാതന്ത്ര്യം അതിരു കടക്കുന്നു. കാലാകാലങ്ങളായി കേരളസമൂഹം, ഭാരതസംസ്കാരം കാത്തുസൂക്ഷിച്ച നന്മയുടെയും പരസ്പരസാഹോദര്യത്തിന്റെയും നൂലിഴകളെ പൊട്ടിച്ചെറിയാൻ തിടുക്കം കൂട്ടുന്ന വ്യക്തികളും ആളും അർത്ഥവും നൽകി അവരെ സംരക്ഷിക്കുന്ന സംഘടിത ശക്തികളും പ്രബലപ്പെട്ടു വരികയാണ്.

പരസ്പരം തമ്മിലടിപ്പിക്കുകയും പോരാടുകയും ചെയ്യുന്നതുകൊണ്ട് എന്തു നന്മയാണ് സമൂഹത്തിന് ഉണ്ടാവുക? കലഹങ്ങളും ഭിന്നതകളും സമൂഹത്തിൽ ഉണ്ടാകാതെ രമ്യതയുടെ കരം നൽകി പരസ്പരം സ്നേഹത്തിലും സഹകരണമനോഭാവത്തിലും മുൻപോട്ടുപോകുന്ന ഒരു സമൂഹത്തിനു മാത്രമേ നിലനിൽപ്പുള്ളൂ എന്ന് ഓർമ്മിക്കുക.

അതുകൊണ്ട് തെറ്റുചെയ്യുന്നവരോടു പ്രതികരിക്കേണ്ടത് അതേ നാണയത്തിൽ തന്നെയാകരുത്. കുരിശിൽ കിടക്കുമ്പോഴും ക്ഷമിക്കുന്ന സ്നേഹത്തിന്റെ പാഠം പകർന്നു തന്ന ഈശോയുടെ മാതൃക എന്നും നമുക്കു മുമ്പിൽ ഉണ്ടായിരിക്കട്ടെ. നന്മ പറയുവാൻ ദൈവം നൽകിയിരിക്കുന്ന നാവിനെ ദൂഷണം പറയുന്നതിനും പരസ്പരം ചെളി വാരിയെറിയുന്നതിനുമുള്ള ഉപകരണമാക്കി തരം താഴ്ത്താതിരിക്കാൻ നമുക്കു ശ്രമിക്കാം. ക്ഷമയെന്ന ദൈവികഭാവം, സ്നേഹമെന്ന ഉത്കൃഷ്ടദാനം മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുള്ള ഉപാധിയാക്കി തീർക്കാൻ, നമ്മുടെ ജീവിതം മറ്റുള്ളവർക്ക് അനുഗ്രഹമായി മാറ്റുവാൻ ദൈവം കരുത്തു നൽകട്ടെ.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**




**റവ. ഫാ. ജെറിൻ വലിയപറമ്പിൽ MCBS**

"നരകം എന്ന വിഷയത്തെക്കുറിച്ച് ഒന്നുംതന്നെ നിർവ്വചിക്കാൻ ഞാൻ തയ്യാറാകുന്നില്ല. കാരണം ഭൂമിയിൽ എവിടെയോ ആണ് നരകമെന്നു ചിലർ വിശ്വസിച്ചു. മറ്റുചിലർ അതു ഭൂമിയുടെ അടിയിലാണെന്നു വിശ്വസിച്ചു. നരകത്തിന്റെ അടിസ്ഥാനത്തെപ്പറ്റി യഥാർത്ഥത്തിൽ നമുക്ക് ഒന്നും തന്നെ അറിഞ്ഞുകൂടാ. നരകം എവിടെയാണെന്ന് അന്വേഷിക്കുന്നതിനേക്കാൾ നല്ലത് അതിൽനിന്ന് രക്ഷപ്പെടുക എങ്ങനെയാണെന്നു ആരായുകയാണ്". സഭാപിതാവായ വിശുദ്ധ ജോൺ ക്രിസോസ്തോമിന്റെ വാക്കുകളാണിവ. രക്ഷപ്രാപിക്കാൻ ആഗ്രഹിക്കുന്നവരും അതിനായി പരിശ്രമിക്കുന്നവരുമൊക്കെയാണ് നാമൊക്കെ. നരകത്തിൽ പോകാതെ സ്വർഗത്തിൽ പോകണമെങ്കിൽ മാനസാന്തരം, പശ്ചാത്താപം, പരിഹാരം, പ്രാർത്ഥന ഇവയൊക്കെ ആവശ്യമാണെന്ന് വിശുദ്ധഗ്രന്ഥവും സഭാപാരമ്പര്യവും നമ്മെ പഠിപ്പിക്കുന്നുണ്ട്. നിരന്തരമായ അനുതാപചൈതന്യവും പ്രാർത്ഥനാപരിത്യാഗാധിഷ്ഠിതജീവിതവും പുലർത്തുന്നുണ്ടെങ്കിലും കൂടുതൽ തീക്ഷണതയോടെ അവ പാലിക്കാനും കൂടുതൽ വിശുദ്ധിയിൽ വളരാനും പ്രത്യേകമാംവിധം സഭ നമ്മെ ഓർമ്മപ്പെടുത്തുകയും ഒരുക്കുകയും ചെയ്യുന്ന കാലഘട്ടമാണ് നോമ്പുകാലം.

"മാനസാന്തരമിനിയും നിങ്ങൾ മാറ്റിവയ്ക്കരുതേ... മാറ്റിവയ്ക്കരുതേ" എന്ന ഈരടികൾ നമുക്കു സുപരിചിതമാണല്ലോ. നോമ്പുകാലം സ്വയം പരിശോധിക്കലിന്റെയും സ്വയം തിരുത്തലിന്റെയും സ്വയം വിശുദ്ധീകരണത്തിന്റെയും പുത്തൻ തീരുമാനങ്ങളുടെയും തീർച്ചയായും അവയുടെ നിവർത്തിക്കലിന്റെയും അവസരമാണ്. പൗലോസ്ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നതുപോലെ നമ്മിലെ പാപം നിറഞ്ഞ പഴയമനുഷ്യനെ ദൂരെയെറിയാനും മനസ്സിന്റെ ചൈതന്യത്തിൽ നവീകരിക്കപ്പെടാനും യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കാനും നമ്മൾ ബോധപൂർവ്വം പരിശ്രമിക്കണം (എഫേ 4,22-24).

ഇന്നത്തെ കാലഘട്ടത്തിൽ ലോകത്തിന് ഏറ്റവും കൂടുതൽ ആവശ്യമുള്ള ഒരു കാര്യം ദൈവത്തിന്റെ കരുണയാണ്. മഹാമാരികളുടെ മുമ്പിൽ, പ്രകൃതിദുരന്തങ്ങളുടെ മുൻപിൽ, അധാർമികതകളുടെ മുൻപിൽ, അനർത്ഥങ്ങളുടെ മുൻപിൽ ലോകം ഒന്നടങ്കം ഭയപ്പെട്ടുനിൽക്കുമ്പോൾ, മനുഷ്യൻ നിസ്സഹായനാകുമ്പോൾ ദൈവകരുണയാണ് ഈ ലോകത്തെ നിലനിർത്തുന്നതും ഇങ്ങനെയെങ്കിലുമൊക്കെ കൊണ്ടുപോകുന്നതും. ദൈവം മാത്രമാണ് രക്ഷ, അവിടുന്നിൽ

മാത്രമേ രക്ഷയുള്ളൂ എന്ന ബോധ്യത്തിലേക്ക്, സത്യമായ അറിവനുഭവത്തിലേക്കും എല്ലാവരും കടന്നുവരണം.

സഹനങ്ങൾ രക്ഷയിലേക്കു നയിക്കും എന്നുള്ളതു സത്യമായ കാര്യമാണ്. ദൈവഹിതത്തിനു കീഴ്വഴങ്ങി സഹനത്തെ രക്ഷാകരമാക്കാൻ വിശുദ്ധരുടെ ജീവിതവും മാതൃകയും നമ്മെ പ്രചോദിപ്പിക്കുന്നു. കാരണം അവരുടെയൊക്കെ മാതൃക ലോകരക്ഷയ്ക്കുവേണ്ടി കുരിശിൽ മരിച്ച മിശിഹായാണ്. കൂടുതൽ വിശുദ്ധജീവിതങ്ങളെ പരിചയപ്പെടാനും അനുകരിക്കാനുമുള്ള ഒരു തയ്യാറെടുപ്പ് ഈ നോമ്പുകാലത്തിൽ നമുക്കു നടത്താം. "വിധിദിവസംവരെ ഭൂമിയിലെ എല്ലാ യാതനകളും സഹിക്കുന്നതാണ് ശുദ്ധീകരണസ്ഥലത്തിൽ ഒരു ദിവസം കഴിയുന്നതിനേക്കാൾ ഭേദം"എന്ന് അലക്സാണ്ട്രിയായിലെ വിശുദ്ധ സിറിൽ അഭിപ്രായപ്പെടുന്നുണ്ട്.

നോമ്പുകാലം ഞായർ റംശാ പ്രാർത്ഥനയിൽ നാം പാടുന്നുണ്ട്: "നോമ്പിൻ സാരം ഭോജ്യങ്ങൾ വെടിയുക മാത്രവുമല്ലല്ലോ; കോപാസൂയാദികളെല്ലാം ഉപവാസത്താൽ വെടിയേണം; കർത്താവിൻ കൃപ നാം കണ്ടെത്തും". വചനം പഠിപ്പിക്കുന്നു "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം" (ഏശ 58,6). നമ്മുടെ ജീവിതത്തിലെ കുറെ സന്തോഷങ്ങളും വിനോദങ്ങളും ഇഷ്ടങ്ങളും വേണ്ടെന്നുവച്ച് ദൈവത്തിനായി, പ്രാർത്ഥനയ്ക്കായി നമ്മുടെയും മറ്റുള്ളവരുടെയും ആത്മരക്ഷയ്ക്കായി കുറച്ചുനാൾ, കുറച്ചുസമയം മാറ്റിവയ്ക്കാം. ഫ്രാൻസിസ് പാപ്പ പഠിപ്പിക്കുന്നു: "മാനസാന്തരത്തിന്റെ ഈ കാലത്തിൽ നമുക്കു നമ്മുടെ വിശ്വാസത്തെ നവീകരിക്കാം; ഒപ്പം ദൈവസ്നേഹം തുറവിയുള്ള ഹൃദയത്തോടെ സ്വീകരിക്കുകയും ചെയ്യാം". "നിന്റെ നിക്ഷേപം എവിടെയോ അവിടെ നിന്റെ ഹൃദയവും" (ലൂക്കാ 12,34). നമ്മുടെ നിക്ഷേപം സ്വർഗത്തിലായിരിക്കട്ടെ, ഒപ്പം ഹൃദയവും.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192




**സൗമ്യാ കാഞ്ഞിരക്കാട്ട്**

ഗ്രാമത്തിന്റെ വിശുദ്ധ ഹൃദയത്തിൽ വേനൽക്കാലത്തിന്റെ ചൂടിൽ അവൾ ജനിച്ചു, നമ്മുടെ കഥാനായിക ജെന്നിഫർ. പ്രകൃതിയുടെ ലീലാവിലാസങ്ങളോട് ചേർന്ന് കളകളം ഒഴുകുന്ന പുഴകളും വേനൽചൂടിൽ ആശ്വാസത്തിന്റെ തലോടലായി എത്തുന്ന മന്ദ മാരുതനുമെല്ലാം അവൾ ആസ്വദിച്ചു. ചിരിയുടെ മാലപ്പടക്കം പൊട്ടിച്ച് സന്തോഷത്താൽ അവൾ തിമിർത്താടി. എങ്ങും സന്തോഷത്തിന്റെ അലകൾ. പ്രാർത്ഥനാജീവിതം അവളുടെ നിത്യചര്യയായിരുന്നു. ഉണ്ണീശോയുടെയും മാതാവിന്റെയും കൂടെ അവൾ വളർന്നു. ജീവിതയാത്ര സുഗമമായി മുന്നേറിക്കൊണ്ടിരുന്നപ്പോൾ എവിടെയോ ഒന്നു കൈവിട്ടുപോയപോലെ അവൾ ജീവിതമാകുന്ന സമുദ്രത്തിൽ ഉഴറുന്നു. അവൾ നിലവിളിച്ചു, പ്രാർത്ഥിച്ചു. അവന്റെ കരം ഇതാ അവളുടെ കയ്യിൽ തൊട്ടു. അതെ അവൾ ഇപ്പോൾ തമ്പുരാന്റെ കരം പിടിച്ച് ഉയരങ്ങളിലേക്ക് പറക്കുന്നു.

നോമ്പുകാലത്തിൽ എപ്പോഴും നമ്മുടെ വീഴ്ചകളിലേക്ക് തിരിഞ്ഞുനോക്കാനും അവിടെ ക്കിടന്ന് ഉഴറാതെ ഉയരങ്ങളിലേക്ക് പറക്കുവാനുമാണ് അവിടുന്നു നമ്മോട് ആഹ്വാനം ചെയ്തത്. സ്നേഹിക്കാൻ മാത്രം അറിയാവുന്ന ദൈവമാണ് നമ്മുടെ കൂടെയുള്ളത്. അവിടുത്തെ കരുണ യിൽ നമുക്ക് അഭയം തേടാം.

കോവിഡ്, ഒമിക്രോൺ എന്നീ നിരവധി രോഗങ്ങളുടെ ഈ കാലഘട്ടത്തിലൂടെ നാം കടന്നുപോകുമ്പോൾ അതിജീവനത്തിന്റെ മാർഗ്ഗമാണല്ലോ നാം സ്വീകരിച്ചിരിക്കുന്നത്. ആത്മീയ കോവിഡിനെ അതിജീവിക്കാനായി എളിമയാകുന്ന സാനിറ്റെസർ ഉപയോഗിച്ച് നമ്മെത്തന്നെ പൊതിയുക. വിശ്വാസമാകുന്ന പിപിഇ കിറ്റ് ധരിച്ച് ഈശോയുടെ പടയാളികളാവുക. ദൈവവചനമാകുന്ന സോപ്പിൽ നമ്മെത്തന്നെ കഴുകുക. 'ദേഷ്യമാകുന്ന' സാമൂഹിക അകലം പാലിക്കുക. സഹോദരസ്നേഹമെന്ന ഓക്സിജൻ സിലണ്ടർ എപ്പോഴും കരുതുക. അങ്ങനെ ഈ നോമ്പുകാലം പാപമാകുന്ന അന്ധകാരത്തിൽ വീണുകിടക്കാതെ പ്രകാശമാകുന്ന ഈശോയുടെ കരം പിടിച്ച് നമുക്കു ഒന്നു പറക്കാം.

"വചനം നിനക്കു സമീപസ്ഥമാണ്. അതു നിന്റെ അധരത്തിലും ഹൃദയത്തിലുമുണ്ട്. അതു പ്രാവർത്തികമാക്കാൻ നിനക്കു കഴിയും" (നിയമ 30,14).



# അബിമെലക്ക്




**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ഗിദയോന് ഷെക്കെമിലെ ഒരു ഉപനാരിയിൽ ജനിച്ചവനാണ് അബിമെലക്ക്. ഗിദയോന്റെ മരണശേഷം ഭരണം കൈയ്യാളുന്നതിനായി തന്റെ പിതൃവംശജരെ നശിപ്പിക്കുന്നതിന് മാതാവിന്റെ ആൾക്കാരെ നയത്തിൽ വശത്താക്കി ഉപയോഗിച്ചവനാണ് അബിമെലക്ക്. അവൻ തന്റെ അമ്മയുടെ ബന്ധുക്കളെയും വംശജരെയും രഹസ്യമായി ഷെക്കെ പൗരന്മാരുടെ അടുത്തേയ്ക്കു പറഞ്ഞയച്ചു. "ജറുബ്ബാലിന്റെ എഴുപതുപുത്രന്മാർകൂടി നിങ്ങളെ ഭരിക്കുന്നതോ ഒരാൾമാത്രം നിങ്ങളെ ഭരിക്കുന്നതോ ഏതാണ് നിങ്ങൾക്കു നല്ലത്? ഞാൻ അസ്ഥിയും മാംസവുമാണെന്നു ഓർത്തുകൊള്ളുവിൻ" (ന്യായാ 9,2). ഇതറിഞ്ഞ ഷെക്കെം നിവാസികളുടെ ഹൃദയം അബിമെലക്കിലേക്കു തിരിഞ്ഞു. അവർ ബാൽബെറീത്തിന്റെ ക്ഷേത്രത്തിൽനിന്ന് എഴുപതു വെള്ളിനാണയം എടുത്ത് അവനു സമ്മാനിച്ചു. ഷെക്കെമിലെ കുറെ ചട്ടമ്പികളുമായി അബിമെലക്ക് ഓഫ്രായിലെ തന്റെ പിതൃഭവനത്തിലെത്തി.

സ്വന്തം സഹോദരന്മാരും ഗിദയോന്റെ മക്കളുമായ എഴുപതുപേരെയും ഒരേകല്ലിൽ വച്ച് കൊന്നു. അങ്ങനെ വഞ്ചകനായ അബിമെലക്ക് രാജസിംഹാസനം തട്ടിയെടുത്തു രാജാവായി. എതിർക്കുവാൻ ആരും ഉണ്ടായിരുന്നില്ല. ഗിദയോന്റെ ഇളയപുത്രൻ യോത്താം ഒളിച്ചിരുന്നതുകൊണ്ട് അവൻ മാത്രം രക്ഷപ്പെട്ടു. ഷെക്കെമിലെയും ബത്മില്ലോയിലെയും നിവാസികൾ സ്തംഭത്തോടു ചേർന്നുള്ള ഓക്കുമരത്തിന്റെ സമീപം വച്ച് അബിമെലക്കിനെ രാജാവായി വാഴിച്ചു. ഇതറിഞ്ഞ യോത്താം ഗരിസീംമലയുടെ മുകളിൽ കയറിനിന്ന് ഉച്ചത്തിൽ ഉപമകളിലൂടെ ഒരു പ്രഭാഷണം നടത്തുന്നു. അബിമെലക്കിനെയും ഷെക്കെമിലെയും ബത്മില്ലോയിലെയും ജനങ്ങളെയും ശപിച്ചശേഷം ബേറിലെക്ക് അവൻ പലായനം ചെയ്തു.

അതോടെ അബിമെലക്കിന്റെ കിരീടം ഇളകാൻ തുടങ്ങി. അവനും ഷെക്കെം നിവാസികൾക്കുമിടയിൽ അന്ധകാരത്തിന്റെ യുഗം പിറവിയെടുത്തു എന്നു തന്നെപറയാം. അബിമെലക്ക് മൂന്നു വർഷം ഇസ്രായേലിനെ ഭരിച്ചു. "അവനും ഷെക്കെം നിവാസികൾക്കുമിടയിൽ ദൈവം ഒരു ദുരാത്മാവിനെ അയച്ചു". അവർ രണ്ടുപ്രാവശ്യം അവനെതിരെ വിപ്ലവമുണ്ടാക്കി.

ഷെക്കെം നിവാസിയായ ഏബദിന്റെ പുത്രനായ ഗാൽ അബിമെലക്കിനെതിരെ യുദ്ധം നയിച്ചു. എന്നാൽ അവൻ ഗാലിന്റെ പടയാളികളെ എതിർത്തുപോരാടുകയും അടിച്ചമർത്തുകയും ചെയ്തു. വയലിലും പട്ടണങ്ങളിലുമുണ്ടായിരുന്ന ഷെക്കെം നിവാസികളെല്ലാം എൽബെറീത്ത് ക്ഷേത്രത്തിന്റെ കോട്ടയിൽ കയറി ഒളിച്ചു. ഇതറിഞ്ഞ അബിമെലക്ക് തന്റെ പടയാളികളുമായി സൽമോൻ മലയിലേക്ക് ചെന്നു. കോടാലികൊണ്ട് വിറകുവെട്ടി തന്റെ തോളിലെടുത്തു, കൂടെയുള്ളവരോട് താൻ ചെയ്തതുപോലെ ചെയ്യുവാൻ അവൻ കല്പിച്ചു. ആ വിറകുകെട്ടുകൾ കോട്ടയോട് ചേർത്തുവച്ച് അത് അഗ്നിക്കിരയാക്കി. ആയിരത്തോളം സ്ത്രീപുരുഷന്മാർ അങ്ങനെ കൊല്ലപ്പെട്ടു.

പിന്നീട്, അബിമെലെക്ക് തെബെസിലേക്ക് ചെന്ന് പാളയമടിച്ച് അത് പിടിച്ചടക്കി. അവിടെയുണ്ടായിരുന്ന ബലിഷ്ഠമായ ഒരു ഗോപുരത്തിനുള്ളിൽ ജനമെല്ലാം അഭയം പ്രാപിച്ചു. അബിമെലക്കും പടയാളികളും ഗോപുരത്തിനടുത്തെത്തി അതിനെതിരെ യുദ്ധം ചെയ്തു. ഗോപുരം അഗ്നിക്കിരയാക്കാൻ എത്തിയ അബിമെലക്കിന്റെ തലയിൽ ഒരു സ്ത്രീ, ഗോപുരത്തിന്റെ മുകളിൽനിന്ന് തിരികല്ലിൻപിള്ള വലിച്ചെറിഞ്ഞ് അവന്റെ തലയോട് ഉടച്ചു. മരണം വരെ ക്രൂരനായിരുന്ന അവൻ തന്റെ ആയുധവാഹകനെ ബദ്ധപ്പെട്ടു വിളിച്ചുപറഞ്ഞു. "ഒരു സ്ത്രീ എന്നെ കൊന്നു എന്ന് എന്നെക്കുറിച്ചു പറയാതിരിക്കാൻ നിന്റെ വാൾ ഊരി എന്നെ കൊല്ലുക. അവൻ വാൾ ഊരി വെട്ടി; അബിമെലക്ക് മരിച്ചു" (ന്യായാ 9,54).

വിവേചനാശക്തിയില്ലാത്ത പരാക്രമിയും അനുകമ്പയില്ലാത്ത അത്യാഗ്രഹിയുമായിരുന്നു അബിമെലക്ക്. ധൈര്യശാലിയെങ്കിലും വികലമായ മനഃസാക്ഷിയുടെ ജീവിതം കാഴ്ചവച്ച അബിമെലെക്ക് കൊലപാതകത്തിലൂടെ ഒന്നും നേടിയില്ല. ഗിദയോന്റെ ഇളയപുത്രൻ യോത്താമിന്റെ ശാപം ഷെക്കെംനിവാസികൾക്കും അബിമെലക്കിനും ലഭിച്ചു. ഇസ്രായേലിനെ ഭരിച്ച ന്യായാധിപന്മാരിൽ വളരെ ദുഷ്ടനായ ഭരണാധികാരിയായി അവൻ നിലകൊള്ളുന്നു.

## അബിമെലക്കിന്റെ ജീവിതം പറയുന്നു

* വഞ്ചന നാശം വിതയ്ക്കും
* കൊലപാതകം ഒന്നിനും പരിഹാരമല്ല
* അത്യാഗ്രഹം വെടിയുക, അനുകമ്പയുള്ളവരാകുക
* വിവേകവും സത്യസന്ധതയും ജീവിതമൂല്യമാക്കുക




**സുജ ചോതിരക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഉ**യിർപ്പുതിരുനാളിനെ ലക്ഷ്യം വച്ചുകൊണ്ടുള്ള നമ്മുടെ ഈ നോമ്പുകാലയാത്രയിൽ കുരിശുമരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തിയവനെ നമുക്ക് അനുസ്മരിക്കാം. മാനസാന്തരത്തിനുള്ള ഈ കാലയളവിൽ നമുക്കു നമ്മുടെ വിശ്വാസത്തെ നവീകരിക്കുകയും പ്രത്യാശയുടെ 'ജീവജലത്തിൽ' നിന്നു പാനം ചെയ്യുകയും മിശിഹായിൽ നമ്മെ സഹോദരങ്ങളാക്കുന്ന ദൈവത്തിന്റെ സ്നേഹം തുറന്ന ഹൃദയത്തോടെ സ്വീകരിക്കുകയും ചെയ്യാം. ക്രിസ്തീയജീവിതം മുഴുവൻ പ്രകാശമായവന്റെ പക്കലേക്കുള്ള ഒരു തീർത്ഥാടനമായിരിക്കുന്നതുപോലെ ഈ നോമ്പുകാലയാത്ര, ഉത്ഥാനത്തിന്റെ വെളിച്ചത്താൽ പ്രകാശിതമായിത്തീർക്കാൻ നമുക്കു പരിശ്രമിക്കാം. ഈശോ ഉദ്ബോധിപ്പിക്കുന്നതുപോലെ ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും നമ്മുടെ മാനസാന്തരത്തെ സാധ്യമാക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ദാരിദ്ര്യത്തിന്റെയും ആത്മപരിത്യാഗത്തിന്റെയും പാതയും പാവപ്പെട്ടവരോടുള്ള സ്നേഹാർദ്രമായ കരുതലും പരിഗണനയും പിതാവായ ദൈവത്തോടുള്ള ശിശുസഹജമായ സംഭാഷണവും നമ്മുടെ നിഷ്കപടമായ വിശ്വാസം, സജീവമായ പ്രത്യാശ, ഫലപ്രദമായ ദാനധർമ്മം എന്നിവ ജീവിക്കുന്നതിന് നമ്മെ പ്രാപ്തമാക്കുന്നു.

വിശ്വാസം സത്യത്തെ അംഗീകരിക്കുവാനും ദൈവത്തിന്റെയും നമ്മുടെ എല്ലാ സഹോദരി സഹോദരന്മാരുടെയും മുമ്പാകെ അതിനെ സാക്ഷ്യപ്പെടുത്തുവാനും നമ്മെ ആഹ്വാനം ചെയ്യുന്നു.

ഈ നോമ്പുകാലത്ത് മിശിഹായിൽ വെളിപ്പെടുത്തപ്പെട്ട സത്യത്തെ അംഗീകരിക്കുകയും ജീവിക്കുകയും ചെയ്യുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നമ്മുടെ ഹൃദയങ്ങളെ ദൈവവചനത്തിന് തുറന്നുകൊടുക്കുക എന്നതാണ്. ഉപവാസം ഒരു ആത്മപരിത്യാഗാനുഭവം എന്ന രൂപത്തിൽ ഏറ്റെടുക്കുവാൻ കഴിയുന്നവർക്ക് അതിനെ ഒരു ദൈവികദാനമായി സ്വീകരിക്കുവാൻ സാധിക്കും. ദാരിദ്ര്യാനുഭവത്തിന്റെ ആശ്ലേഷണം വഴി ഉപവാസമെടുക്കുമ്പോൾ ദരിദ്രരോടൊപ്പം ദരിദ്രരാവുകയും ചെയ്യുന്നു. വിശുദ്ധ തോമസ് അക്വീനാസ് പഠിപ്പിക്കുന്നതു പോലെ സ്നേഹം

എത്രത്തോളം നമ്മുടെ ശ്രദ്ധയെ മറ്റുള്ളവരിലേക്ക് കേന്ദ്രീകരിക്കുന്ന ബഹിർചലനമാകുന്നുവോ അത്രത്തോളം ഉപവാസം അവരെ നമ്മിൽ ഒരാളായിത്തന്നെ പരിഗണിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നു (cf. fratelli tutti 93)

നോമ്പുകാലം വിശ്വസിക്കുവാനും ദൈവത്തെ നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവന്ന് നമ്മുടെയിടയിൽ അവിടുത്തേക്ക് വാസം ഒരുക്കുന്നതിനും വേണ്ടിയുള്ളതാണ്.

പ്രത്യാശ ജീവജലമെന്ന നിലയിൽ നമ്മുടെ യാത്ര തുടരുന്നതിന് നമ്മെ പ്രാപ്തരാക്കുന്നു. ഈ കാലഘട്ടത്തിലെ കലങ്ങിയ സാഹചര്യത്തിൽ എല്ലാക്കാര്യങ്ങളും ദുർബലവും അനിശ്ചിതത്വവുമായിരിക്കുമ്പോൾ പ്രത്യാശയെക്കുറിച്ച് സംസാരിക്കുക എന്നതുതന്നെ ഒരു വെല്ലുവിളിയാണ്.

എന്നിരുന്നാലും നോമ്പ് യഥാർത്ഥത്തിൽ പ്രത്യാശയുടെ ഒരു കാലയളവാണ്. നമ്മൾ ദൈവത്തിങ്കലേക്കു പിന്തിരിയുമ്പോൾ അവിടുന്ന് എപ്പോഴും സൃഷ്ടപ്രപഞ്ചത്തെ ക്ഷമാപൂർവ്വം സംരക്ഷിച്ചുപോരുന്നതായാണ് കാണാൻ കഴിയുക. എന്നാൽ നമ്മൾ അതിനെ ദുരുപയോഗം ചെയ്യുന്നു. വിശുദ്ധ പൗലോസ്ശ്ലീഹായുടെ കാഴ്ചപ്പാടിൽ അനുസരണത്തിലാണ് നമ്മൾ പ്രത്യാശ അർപ്പിക്കേണ്ടത്. അതുകൊണ്ടാണ് അദ്ദേഹം പറയുന്നത് "ദൈവത്തോട് അനുരഞ്ജനപ്പെടുവിൻ". നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും പ്രകടമാകേണ്ട ദൈവത്തിന്റെ ക്ഷമ ഉയിർപ്പിന്റെ സാഹോദര്യത്തിനു നമ്മെ പ്രാപ്തരാക്കുന്നു.

നോമ്പിൽ നമുക്ക് സൗഖ്യം പകരുന്ന വാക്കുകൾക്കും ശക്തിപ്പെടുത്തുന്നതും ആശ്വാസം പകരുന്നതും പ്രോത്സാഹജനകവുമായ വാക്കുകൾക്കും പ്രാധാന്യം നൽകാം. തരംതാഴ്ത്തുന്നതും സങ്കടപ്പെടുത്തുന്നതും ദേഷ്യമുണ്ടാക്കുന്നതുമായ വാക്കുകൾ നമുക്ക് ഉപേക്ഷിക്കാം. നമ്മുടെ എല്ലാക്കാര്യങ്ങളും മറ്റുള്ളവർക്കായി മാറ്റിവച്ചുകൊണ്ടുതന്നെ പ്രത്യേക താത്പര്യമെടുത്തും ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ടും മറ്റുള്ളവർക്ക് പ്രത്യാശ പകരുവാൻ നമുക്കു സാധിക്കണം. അതുപോലെതന്നെ സ്നേഹമെന്നത് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ഏറ്റവും ഉന്നതമായ പ്രകാശനവും ഈശോയുടെ കാലടികളെ പിന്തുടർന്നുകൊണ്ട് എല്ലാവരോടുമുള്ള കരുണയും കരുതലുമാണ്.

മറ്റുള്ളവരുടെ വളർച്ച കണ്ട് സ്നേഹം സന്തോഷിക്കുന്നു. സ്നേഹം നമ്മുടെ ജീവിതത്തെ സ്വാർത്ഥമാക്കുന്ന ഒരു സമ്മാനമാണ്. അത് സഹായം ആവശ്യമുള്ളവരെ സ്വന്തം സഹോദരി സഹോദരന്മാരെപ്പോലെ നോക്കിക്കാണാൻ സഹായിക്കുന്നു. സ്നേഹത്തോടുകൂടിയുള്ള നോമ്പനുഭവം എന്നത് കോവിഡ് 19 എന്ന മഹാമാരിമൂലം കഷ്ടപ്പെടുന്നവരെയും ഉപേക്ഷിക്കപ്പെടുന്നവരെയും പരിരക്ഷിക്കലാണ്. ഭാവിയെക്കുറിച്ചുള്ള ഗുരുതരമായ ആശങ്കയും അനിശ്ചിതത്വവും നിറഞ്ഞ ഈ കാലയളവിൽ 'ഭയപ്പെടേണ്ട ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു' എന്ന കർത്താവിന്റെ വാക്കുകൾ നമുക്ക് ഓർക്കാം.

നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും വിശ്വസിക്കുവാനും പ്രത്യാശിക്കുവാനും സ്നേഹിക്കുവാനുമുള്ളതാണ്. മാനസാന്തരത്തിലേക്കുള്ള ഒരു യാത്രാവിളിയായി നോമ്പനുഭവത്തെ നമുക്കു കാണാൻ സാധിക്കണം. അതിനു നമ്മെ സഹായിക്കുന്നത് നമ്മുടെ പ്രാർത്ഥനയും പങ്കുവയ്ക്കലുമാണ്. ഈ നോമ്പുകാലം അതിനു നമ്മെ സഹായിക്കട്ടെ.

**(വി. ഫ്രാൻസിസ് പാപ്പയുടെ നോമ്പുകാല സന്ദേശത്തിൽനിന്ന്)**




**സിജി കുന്നത്ത്**
**അപ്പസ്തോലിക് ഒബ്ളേറ്റ്സ്**

**നോ**മ്പിന്റെ നാളുകളിലേക്കു നാം പ്രവേശിക്കുകയാണ്. ശരീരവും ആത്മാവും ഒന്നിച്ച് തപസിൻ മാർഗത്തിലേക്കു പ്രവേശിക്കുന്ന നാളുകൾ. ക്രിസ്ത്യാനികളെല്ലാം കൂടുതൽ തീവ്രതയോടെ, ആത്മാർത്ഥതയോടെ പ്രാർത്ഥനകളിലും പരിത്യാഗങ്ങളിലും വ്യാപരിക്കുന്ന ദിനങ്ങൾ. ജീവിതചാപല്യങ്ങളെല്ലാം തുടച്ചുമാറ്റുവാൻ ഏവരും ഈ നാളുകളിൽ ഒന്നിച്ചു പരിശ്രമിക്കുകയാണ്. ലോകസുഖേച്ഛകളെ നീക്കി, ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേക്ക് മനുഷ്യൻ ഊളിയിട്ടിറങ്ങുന്ന നീണ്ട നാളുകളാണ് നോമ്പ്. വചനത്തിന്റെ ചുവടുപിടിച്ചാൽ, “ലോകം മുഴുവൻ നേടിയാലും ആത്മാവു നശിച്ചാൽ ഒരു പ്രയോജനവുമില്ലെന്നു” കാണിച്ചുതന്ന ദിവ്യഗുരുവിന്റെ സഹനമരണ പീഡാനുഭവനാളുകളെ അനുസ്മരിപ്പിക്കാനൊരു കാലം.

വിഭൂതിത്തിരുനാളോടെ ആരംഭിക്കുന്ന നോമ്പുകാലം മനുഷ്യൻ വെറും മണ്ണ് മാത്രമാണെന്നും സ്രഷ്ടാവിന്റെ ചൈതന്യമാണ് അതിനെ മഹത്ത്വമുള്ളതാക്കി മാറ്റുന്നതെന്നും ആയതിനാൽ സ്രഷ്ടാവിൽനിന്ന് അകലുന്ന ഓരോ സാഹചര്യങ്ങളെയും ഓർത്തെടുത്ത് അനുതാപം നിറഞ്ഞ മനസ്സോടെ പരിശുദ്ധി ലക്ഷ്യമാക്കി ചരിക്കണമെന്നും ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു. തിരുസഭാമാതാവ് തന്റെ മക്കൾ ഓരോരുത്തരും പ്രാർത്ഥനയാലും ഉപവാസത്താലും ദാനധർമ്മത്താലും തന്നെത്തന്നെ ശുദ്ധീകരിക്കണമെന്ന് ആഗ്രഹിക്കുന്നു. ഈ കാലഘട്ടത്തിലെ യാമപ്രാർത്ഥനകളിലെ ആഹ്വാനങ്ങളും ഇതു വ്യക്തമാക്കിത്തരുന്നുണ്ട്.

ഉപവാസം വഴിയായ് പാവനരായീടാൻ
നാഥൻ നമ്മെയിതാ മാടിവിളിക്കുന്നു
ജീവദവൃക്ഷത്തിൻ തുല്യം തിരുസഭയിൽ
സത്ഫലമരുളുന്നു നിർമ്മലയുപവാസം
മധുരിമ നിറയുമതിൻ കനികൾക്കൊപ്പമിതാ
ഇലകൾ നൽകുന്നു ഔഷധഗുണമെന്നും
ഉപവാസംവഴിയായ് മനസ്സിൻ നൈർമല്യം

സത്ചിന്തകളാലെ പോഷിതമായീടും
ഉപവാസം വഴിയായ് മാനവഗാത്രത്തിൻ
പാരത്രികമാകും മേദസ്സേറീടും
ഉപവാസംവഴിയായ് നമ്മുടെ നയനങ്ങൾ
കരുണാസേവയ്ക്കായ് ഉജ്ജ്വലമായീടും
ഉപവാസംവഴിയായ് ധരയിൽ മർത്ത്യർതൻ
ആത്മശരീരങ്ങൾ റൂഹാലയമാകും

(തെശ്ബൊഹത്താ - ദ്ബസ്ശാ ശായീൻ)

മിശിഹായുടെ സഹനമരണങ്ങളുടെ അനുസ്മരണത്തിലൂടെ അവിടുത്തോട് അനുരൂപപ്പെടാൻ നമ്മൾ പരിശ്രമിക്കണം. ജീവിതത്തിലെ സഹനങ്ങളെയെല്ലാം നമ്മുടെ രക്ഷയ്ക്കായി സഹനങ്ങളേറ്റെടുത്തവനോടു ചേർത്തുവയ്ക്കുമ്പോൾ, അവന്റെ കാഴ്ചപ്പാടോടെ സഹനങ്ങളെ കാണുമ്പോൾ, അത് മഹത്ത്വത്തിനുള്ള ഉപാധിയല്ലാതെ മറ്റൊന്നാവുകയില്ല. ചിലപ്പോഴൊക്കെ സഹനങ്ങൾ നമ്മെ ഏറെ നിരാശരാക്കുകയും സന്തോഷം നഷ്ടപ്പെടുത്തുകയും ചെയ്യാറുണ്ട്. കുരിശില്ലാതെ കിരീടമില്ല എന്നു ജീവിതംവഴി കാണിച്ചുതന്നവന്റെ കുരിശോടുചേർത്ത്, അവന്റെ കുരിശിൽ ശരണപ്പെടുമ്പോൾ നമുക്കും നമ്മുടെ കുരിശുകളെയും സഹനങ്ങളെയും സന്തോഷത്തോടെ, വിശുദ്ധിയോടെ പുൽകുവാൻ സാധിക്കും. എവിടെ ഈ പരിശ്രമം നാം ആരംഭിക്കുന്നുവോ അവിടെ മിശിഹായുടെ കുരിശ് രക്ഷയ്ക്കുള്ള ഉപാധിയായും അഭിമാനത്തിനുള്ള മാർഗമായും കാണാൻ കഴിയും.

നമ്മിലുള്ള പാപങ്ങളുടെ കണ്ടെത്തലാണ് ആഴമായ പ്രാർത്ഥനയിലൂടെ നാം നേടിയെടുക്കുക. പാപങ്ങളകറ്റി, ഹൃദയങ്ങളെ കഴുകി, ശുദ്ധീകൃതരാവുക എന്നതിനു പ്രാധാന്യം നൽകുന്ന വിശുദ്ധ ദിനങ്ങളായി നോമ്പുകാലം തീരണം. നന്മയുടെ വിളനിലമാക്കി ജീവിതത്തെ പടുത്തുയർത്താൻ ഒരു തുറന്ന പോരാട്ടം, ഞാനെന്ന ഭാവത്തെ, അപരനെ തിരസ്കരിക്കുന്ന അഹങ്കാരമെന്ന ജീവിതരീതിയെ, അല്ലലുള്ള സഹോദരനെ കണ്ടെത്തി ശുശ്രൂഷിക്കുന്നതിലുള്ള കുറവിനെയൊക്കെ ഒഴിവാക്കുകവഴി പുത്തൻ ഉയിർപ്പ് ജീവിതത്തിൽ സ്ഥാനം പിടിക്കുകയാണ്. ആയുസ്സു തന്നവന്റെ മുൻപിൽ നന്ദിയുടെ, കൃതജ്ഞതയുടെ ഒരു ഗീതമായി ജീവിതത്തെ മാറ്റാൻ ഒരു പരിശ്രമം-അതാണ് നോമ്പിലൂടെ നാം സ്വായത്തമാക്കേണ്ടത്.

നോമ്പ് മറ്റൊരു നന്മകൂടി നമ്മെ ഓർമ്മപ്പെടുത്തുന്നു. ഉള്ളതു പങ്കുവയ്ക്കുക-ദാനധർമ്മം. ഒരുവന്റെ സമ്പത്ത് എന്തുമാകാം. സമയം, കഴിവുകൾ എന്നിങ്ങനെ പലവിധ സുകൃതങ്ങളാൽ സമ്പന്നരാണ് എല്ലാവരും. ഇവയെല്ലാം കൂടെയുള്ളവർക്ക്, സഹജീവികൾക്ക് പകുത്തു നൽകിക്കൊണ്ട് ഈ ആരാധനാവത്സരം സമൃദ്ധിയുടെ കാലമാക്കാം.

ജീവിതകാലം മുഴുവൻ ദൈവംതന്ന നന്മകൾക്ക് അവിടുത്തേയ്ക്കു സ്തുതിപാടുവാൻ ജീവിതം മുഴുവൻ മാറ്റിവയ്ക്കേണ്ടവനായ ഓരോ ക്രൈസ്തവനും, അവന്റെ കുറവുകളെ ഏറ്റുപറഞ്ഞ്, പുതിയ സൃഷ്ടിയാകുവാനുള്ള ഒരുക്കപ്പെടലിന്റെ കാലമാകട്ടെ ഈ നോമ്പുകാലം. തിരിഞ്ഞു നടക്കാൻ പറയുന്നവന്റെ നേരെ കൈനീട്ടി എത്തിപ്പിടിക്കുമ്പോൾ സ്വന്തമാക്കുന്ന പുതിയ ജീവിതത്തുടിപ്പായി മാറട്ടെ സ്വയം ഉരിഞ്ഞുമാറ്റപ്പെടലിന്റെ ഈ കാലം. സഹനമരണോത്ഥാനങ്ങൾക്കും ശേഷമുള്ള ഉയിർപ്പ് ജീവിതത്തിനെപ്പോഴും അഴകാകട്ടെ.




# ലക്ഷ്യം തെറ്റാതെ

**ഫിലോ കുറ്റിയാത്ത്**

**ക**ഴിഞ്ഞ ദിവസം സൂസി ഫോൺ ചെയ്ത് എന്നോടു പറഞ്ഞു. “സിസ്റ്റർ എനിക്കു വിസ കിട്ടി”. “ഓഹോ! എങ്ങോട്ടാ, അമേരിക്കയിലേയ്ക്കോ അതോ ദുബായിലേക്കോ? എന്നത്തേക്കാ യാത്ര?” ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു. “അതല്ല സിസ്റ്റർ, ജനിച്ചപ്പോൾ മുതൽ നാം സ്വപ്നം കാണുന്ന നമ്മുടെ സ്വർഗ്ഗത്തിലെ അപ്പന്റെ മടിത്തട്ടിലേക്ക്.” തമാശകൾ മതിയാക്കി സ്വരമല്പ മൊന്നിടറി അവൾ പറഞ്ഞു. “എനിക്ക് കാൻസറാ സിസ്റ്ററേ. അതും അവസാനഘട്ടത്തിൽ”. അമ്പരന്നുപോയി ഞാൻ. മരണത്തെ മുഖാഭിമുഖം കണ്ടുകൊണ്ട് ആർക്കെങ്കിലും ഇങ്ങനെ സംസാരിക്കാൻ കഴിയുമോ? “എല്ലാം ദൈവമഹത്ത്വത്തിനുവേണ്ടിയല്ലേ സിസ്റ്റർ. അവസാന നിമിഷംവരെ സന്തോഷത്തോടെ സ്വീകരിക്കാൻ കഴിഞ്ഞാൽമാത്രം മതി. സിസ്റ്റർ അതിനുവേണ്ടി പ്രാർത്ഥിക്കണേ”. പ്രഭാ 2,5 ൽ പറയുന്നു “സ്വർണ്ണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു. സഹനത്തിന്റെ ചൂളയിൽ കർത്താവിനു സ്വീകാര്യരായ മനുഷ്യരും”. സഹനത്തെ ഇപ്രകാരം സ്വീകരിക്കാൻ നമുക്കും കഴിഞ്ഞിരുന്നെങ്കിൽ!

എന്റെ ഉള്ളുലച്ച മറ്റൊരു സംഭവം കൂടി പങ്കുവെയ്ക്കട്ടെ. ഒരിക്കൽ ഒരു ഭവനത്തിൽ കടന്നുചെന്നപ്പോൾ പ്രായംചെന്ന തങ്ങളുടെ പിതാവിനെ മക്കൾ ശാസിക്കുന്നതുകേട്ടു. അപ്പൻ ഒന്നും ചെയ്യാതെ അടങ്ങിയിരുന്നാൽ മതി. തലകറങ്ങുകയോ വീഴുകയോ മറ്റോ ചെയ്താൽ എന്തുചെയ്യും? എന്തുവേണമെന്നു പറഞ്ഞാൽ മതി ഞങ്ങൾ തന്നോളാം. അപ്പൻ ഇതെല്ലാം കേട്ടെങ്കിലും ഒന്നും മിണ്ടിയില്ല. മക്കൾ അകലത്തേക്കു പോയപ്പോൾ എന്റെ മുഖത്തേക്കു നോക്കി ചിരിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞു. എന്റെ മോളേ, എത്ര നാളാ ഇങ്ങനെ വെറുതെയിരിക്കുന്നത്? ഒരു കാരണമുണ്ടായെങ്കിലല്ലേ-അങ്ങോട്ടു പോകാൻ പറ്റൂ. എത്ര നാളായി അതിനായി കാത്തിരിക്കുന്നു. ഞാൻ അതിശയിച്ചുപോയി. ദൈവത്തിനുവേണ്ടി ദാഹിക്കുന്ന ആത്മാക്കൾ വസിക്കുന്ന ഈ ഭൂമി എത്ര മനോഹരമാണ്. പ്രായമോ ജീവിതത്തിലെ സഹനമോ ഒന്നും ഈ ലക്ഷ്യത്തിൽനിന്നും പിന്നോട്ടുവലിക്കുന്നില്ല. “അവിടത്തോടു വിട്ടകലാതെ ചേർന്നു നിൽക്കുക. നിന്റെ ദിനങ്ങൾ ധന്യമായിരിക്കും” (പ്രഭാ 2,1).

എന്നാൽ നാമോ, ജീവിക്കുന്നതിന്റെ ലക്ഷ്യം തന്നെ മറന്നുപോകുന്നു. അതുമല്ലെങ്കിൽ പല ലക്ഷ്യങ്ങളിൽ മനസ്സുടക്കി ലക്കും ലഗാനുമില്ലാതെ കഴിച്ചുകൂട്ടുന്നു. “നിന്റെ ജീവിതം




**അനിത ആത്രശ്ശേരിൽ**

ഒരു നിമിഷം ഞാനറിയട്ടെ നാഥാ നിൻ
ഒരിക്കലും മറക്കാത്ത നനവൂറും സ്നേഹത്തെ
മധുകണം തോൽക്കുന്ന മധുരമാണെന്ന്
ഞാനറിയട്ടെ, അലിയട്ടെ, ആമഗ്നയാകട്ടെ.
നിറഭേദമില്ലാത്ത നിറവാർന്ന സ്നേഹമേ
നീ തന്നെയാണെന്റെ ആശാനികേതവും
കറകളകറ്റി ഞാനിന്നുനിൻചാരത്തായി
അണയുന്നു ആത്മാഭിഷേകം നിറയ്ക്കണെ
മായാവിലാസങ്ങളെന്നെ വലയ്ക്കുമ്പോൾ
മാറാത്ത സ്നേഹിതനായ് നിന്നീടണം
മാഞ്ഞുമറയുമീ മന്നിന്റെ മോഹങ്ങൾ

എന്നെ തകർക്കാതെ എന്നും കരുതണേ
എന്നിലെ-'ഞാനിനെ'നിന്നിൽ തരുന്നിതാ
നിന്നിഷ്ടം പോലെന്നെ വാർത്തെടുത്തീടുക
എന്നെ തകർക്കുന്ന മോഹക്കിനാവുകൾ
ചേക്കേറുവാനിടം എന്നിലുണ്ടാകാതെ-
നീയാൽ നിറയണം വചനം നിറയണം
കൃപതന്നലങ്കാരം കവചമായ് നൽകണം.
ദൈവഭയമതും സോദര സ്നേഹവും
എന്നെ നയിക്കട്ടെ - എൻസ്വന്തമാകട്ടെ
എന്നുമാ സ്നേഹത്തിലൊന്നായ്തീരണം
എന്നേശുനാഥന്റെ മാത്രമായ് മേവണം.

കർത്താവിനു ഭരമേൽപ്പിക്കുക. അവിടുന്നിൽ വിശ്വസിക്കുക. അവിടുന്നു നിന്നെ നോക്കിക്കൊള്ളും" (സങ്കീ 37,5). അവിടുന്നു നമ്മെ നോക്കുന്നു എന്ന ചിന്ത എത്ര സന്തോഷപ്രദമാണ്. പിന്നെ നാം എന്തിനു പേടിക്കണം. അവിടുന്നിൽ ആശ്രയിച്ചുകൊണ്ടു സന്തോഷത്തോടെ ലക്ഷ്യത്തിലേക്ക് നടന്നടുക്കാം. പിന്നൊരു കാര്യം... കഷ്ടപ്പെടാതെ ലക്ഷ്യത്തിലെത്താമെന്ന് വ്യാമോഹിക്കേണ്ട. കഠിനാദ്ധ്വാനവും ദൃഢചിത്തതയും സാഹചര്യങ്ങളെ നേരിടാനുള്ള മനോധൈര്യവും ഉള്ളവർക്കേ ഇതു സാധ്യമാകൂ. ഒന്നേ ആവശ്യമുള്ളൂ. ഈ ജീവിതസുകൃതങ്ങൾ നമുക്കു നല്കാൻ കഴിവുള്ള, നമ്മെ ലക്ഷ്യത്തിലെക്കാൻ ജീവിതം ഹോമിച്ച നല്ല തമ്പുരാനോട് ചേർന്നുനില്ക്കുക. അവിടുന്ന് നമ്മെ വഴിതെറ്റാതെ ലക്ഷ്യത്തിലെത്തിക്കുകതന്നെ ചെയ്യും. "കർത്താവ് എന്റെ രക്ഷയും പ്രകാശവുമാണ് ഞാൻ ആരെ ഭയപ്പെടണം, കർത്താവെന്റെ ജീവിതത്തിന്റെ കോട്ടയാണ് ഞാൻ ആരെ പേടിക്കണം" (സങ്കീ 27,1).

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിൽ നോമ്പുകാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. മനുഷ്യഹൃദയത്തിൽനിന്നു പാപത്തെ വേരോടെ ഉന്മൂലനംചെയ്ത് മാനസാന്തരത്തിലേക്കും ഹൃദയവിശുദ്ധിയിലേക്കും ആനയിക്കുവാനുള്ള അവസരമാണ് നോമ്പുകാലം. സമാന്തരസുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്ന ഈശോയുടെ നാല്പതുദിവസത്തെ ഉപവാസവും പ്രാർത്ഥനയുമാണ് വലിയനോമ്പിന്റെ അടിസ്ഥാനം. നോമ്പിന്റെ അന്തർധാര ജീവിതനവീകരണമാണ്. മിശിഹായോട് അനുരൂപപ്പെടാനും, സഹോദരങ്ങളോട് അനുരഞ്ജനപ്പെടാനും ആത്മാവിൽ ശക്തിപ്പെടാനുമുള്ള അവസരമായി നോമ്പുകാലത്തെ പ്രയോജനപ്പെടുത്താൻ നാം അജഗണങ്ങളെ ഉദ്ബോധിപ്പിക്കണം. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ആത്മനിഗ്രഹത്തിലൂടെയും ഈശോയുടെ ഉയിർപ്പുതിരുനാളിന് ഒരുങ്ങുവാൻ ജനങ്ങളെ സഹായിച്ചുകൊണ്ട് അജപാലനശുശ്രൂഷ നിർവ്വഹിക്കുവാൻ നമുക്കു പരിശ്രമിക്കാം. പ്രാർത്ഥനാശംസകളോടെ,

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

2022 ജനുവരി 11-12 തീയതികളിലായി അപ്പസ്തോലിക് സൊദാലസിന്റെയും ആസ്പിരന്റ്സിന്റെയും സമ്മേളനങ്ങൾ സ്പിരിച്ചാലിറ്റി സെന്റർ കേന്ദ്രീകരിച്ച് നടക്കുകയുണ്ടായി. ഇപ്രാവശ്യം ചർച്ച ചെയ്ത വിഷയം "For a Synodal Church: Communion, Participation and Mission" എന്ന സാർവ്വത്രിക സഭയുടെ ആനുകാലികവിഷയമായിരുന്നു. അതേപ്പറ്റി ബഹു. മല്പാനച്ചൻ ക്ലാസ്സെടുക്കുകയും അതേത്തുടർന്നുള്ള ചർച്ചയിൽ എല്ലാവരും സജീവമായി പങ്കെടുക്കുകയും ചെയ്തു. സൊദാലസ് മീറ്റിംഗ് ഇപ്രാവശ്യം സ്പിരിച്ചാലിറ്റി സെന്ററിൽവച്ചു തന്നെ നടത്തുകയും ബഹു. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ, ബഹു. ഫാ. ഡോമിനിക് വെച്ചൂർ, ബഹു. ഫാ. സിറിയക്ക് കൊച്ചുകൈപ്പെട്ടിയിൽ എന്നീ മൂന്നുപേരുടെ പൗരോഹിത്യസ്വീകരണ രജതജൂബിലി ആഘോഷിക്കുകയും ചെയ്തു. താമരശ്ശേരി രൂപതയിലെ ആസ്പിരന്റ്സ് മീറ്റിംഗ് ജനുവരി 25-ാം തീയതിയാണ് നടത്തിയത്. ജനുവരി 12-ാം തീയതി വൈകുന്നേരം 4 മുതൽ 5.30 വരെ Cenacles Friends ന്റെ ഒരു മീറ്റിംഗ് സ്പിരിച്ചാലിറ്റി സെന്ററിൽവച്ചു നടത്തി. മൂന്നു പുതിയ വൈദികർ ആ മീറ്റിംഗിൽ സംബന്ധിക്കുകയുണ്ടായി.

സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.




എസ്. ജെ. കൂരോപ്പട

**മാ**താപിതാക്കളെ നഷ്ടപ്പെട്ട ഒരു സിംഹകുട്ടി കാട്ടിൽ ഒറ്റക്കായി. കുറെ ദിവസങ്ങൾ ഭക്ഷണമില്ലാതെ കഴിഞ്ഞ അവൻ ആകെ അവശനായിരുന്നു. അപ്പോഴാണ് ആ വഴി ഒരു ആട്ടിൻപറ്റം നടന്നുവന്നത്. അവശനിലയിൽ കിടക്കുന്ന സിംഹക്കുട്ടിയോട് ആട്ടിൻകൂട്ടത്തിന് സഹതാപം തോന്നി. അവർ അവനെ അവരോടൊപ്പം കൂട്ടി. അങ്ങനെ സിംഹക്കുട്ടി ആട്ടിൻപറ്റത്തോട് ചേർന്നു വളർന്നു. താൻ ആരെന്നോ എത്ര ശക്തനാണെന്നോ സിംഹക്കുട്ടിക്ക് അറിയില്ലായിരുന്നു. 'സിംഹക്കുട്ടീ, നീ കാട്ടിലെ രാജാവാണ്' എന്ന് ആരും അവന് പറഞ്ഞുകൊടുത്തിരുന്നില്ല. ആടുകളെപ്പോലെ പുല്ലും, തളിരിലയും, വെള്ളവുമൊക്കെ കഴിച്ച് അവൻ ജീവിച്ചു; ശാന്തനായി.

ഒരുദിവസം, ദൂരെ, ഉയരമുള്ള ഒരു പ്രദേശത്തുനിന്ന് ഒരു സിംഹം താഴെ പുൽത്തകിടിയിൽ മേയുന്ന ആട്ടിൻപറ്റത്തെ കണ്ടു. നല്ല കൊഴുത്ത ആടുകളെ കണ്ട സിംഹത്തിന്റെ വായിൽ വെള്ളമൂറി. അവയിൽ ഒന്നിനെ തട്ടിയെടുക്കണം. അവൻ സൂക്ഷിച്ചുനോക്കി. അതാ, ആ ആട്ടിൻകൂട്ടത്തിനിടയിൽ ഒരു സിംഹക്കുട്ടി! സിംഹത്തിന് വിശ്വസിക്കാനായില്ല. അവൻ വീണ്ടും ശ്രദ്ധയോടെ നോക്കി. സംശയമില്ല സിംഹക്കുട്ടിതന്നെ. സിംഹം അവിടെനിന്ന് ഒന്നു ഗർജ്ജിച്ചു. സിംഹക്കുട്ടി അതുകേട്ടു. അവൻ തിരിഞ്ഞുനോക്കി. തന്റെ അതേ രൂപത്തിലുള്ള മറ്റൊരു മൃഗം. സിംഹത്തിന്റെ രാജകീയ ഭാവം കണ്ടപ്പോൾ സിംഹക്കുട്ടിയിൽ ഉറങ്ങിക്കിടന്ന ശൗര്യം ഉണർന്നെണീറ്റു. അവനും ചെറുതായൊന്നു ഗർജ്ജിച്ചു. അന്നുവരെ, ആടിനെപ്പോലെ കരഞ്ഞവന് താനും ആ സിംഹരാജനെപ്പോലെ, ആ കുടുംബപാരമ്പര്യത്തിൽപ്പെട്ടവനാണെന്ന് ബോധ്യമായി. അവൻ അവിടെനിന്ന് ഒറ്റയോട്ടം. നേരെ കാട്ടിലെത്തി. അധികം താമസിയാതെ സിംഹക്കുടുംബത്തിലെ അംഗമായി.

ഈ സിംഹക്കുട്ടിയെപ്പോലെയാണ് നമ്മിൽ പലരും. നാം ആരാണെന്നോ, നമ്മുടെ കഴിവുകളും, ശക്തികളുമൊക്കെ എന്താണെന്നോ അറിയാതെ നാം കഴിയുന്നു. നാം കരുതുന്നതിനേക്കാൾ ഒത്തിരിയധികം കഴിവുകൾ നല്കിയാണ് ദൈവം നമ്മെ ഈ ലോകത്തിലേക്ക് അയച്ചിരിക്കുന്നത്. ഏതു പ്രതിസന്ധിയെയും, പ്രതിബന്ധങ്ങളെയും അതിജീവിക്കുന്നതിനുള്ള ദിവ്യമായ ഒരു ശക്തി നമ്മോടൊപ്പമുണ്ട്.

ഞാൻ നിസ്സാരനാണെന്നും, എനിക്ക് ഒന്നിനും കഴിവില്ലെന്നുമുള്ള ഭാവത്തിന് 'വിനയ'മെന്ന് പറഞ്ഞുകൂടാ. അതല്ല വിനയം. ദൈവത്തിന്റെ വഴികാട്ടലനുസരിച്ച് ജീവിക്കുവാൻ തങ്ങളെ പൂർണ്ണമായി സമർപ്പിക്കുന്നവർക്ക് ദൈവത്തിന്റെ മഹത്ത്വം ദർശിക്കാൻ കഴിയും. ദൈവത്തിൽ ഉറച്ച വിശ്വാസത്തോടെ. തങ്ങളുടെ ഉൾക്കരുത്ത് സംഭരിച്ച് പ്രയോഗിക്കുന്നവർക്ക് "മലകളെ നീക്കുവാൻ" കഴിയും!



# അതിസാഹസികത

**സാബി കോഴിക്കോട്**

രണ്ടു പെൺമക്കൾക്കുശേഷം ആറ്റുനോറ്റുണ്ടായ കുഞ്ഞുദേവസി വീടിന്റെയും നാടിന്റെയും പൊന്നോമനയാണ്. കുസൃതിത്തരത്തിന് അവനെ വെല്ലാൻ ആ പഞ്ചായത്തിൽപോലും മറ്റാരുമില്ല താനും. ഇങ്ങനെയൊക്കെയാണെങ്കിലും കള്ളച്ചിരികൊണ്ട് മുതിർന്നവരെ മയക്കിയെടുക്കുവാൻ വിരുതൻതന്നെ ഈ മൂന്നു വയസ്സുകാരൻ.

അന്നൊരു ഞായറാഴ്ച. പതിവുപോലെ നാലുമണിക്കാപ്പിയും കുടിച്ച് കുടുംബാംഗങ്ങളെല്ലാം മുറ്റത്തിറങ്ങി സൊറ പറഞ്ഞിരിക്കുകയായിരുന്നു. വാചകമടിയുടെ ഹരത്തിൽ മുറ്റത്ത് കളിച്ചുകൊണ്ടിരുന്ന ദേവസിക്കുട്ടി വീടിനകത്ത് കയറിപ്പോയത് ആരും ശ്രദ്ധിച്ചതുമില്ല. ഇത്തിരി നേരം കഴിഞ്ഞ് പിന്തിരിഞ്ഞു നോക്കിയ സാലിമ്മ കണ്ടത് തനിക്ക് പിന്നിൽ പൂട്ടപ്പെട്ട വാതിലും, ജനാലയ്ക്കുള്ളിലൂടെ തങ്ങളെ നോക്കി കൈകൊട്ടി ചിരിക്കുന്ന കുഞ്ഞുദേവസിയെയുമാണ്. അനുനയത്തിൽ ജനാല തുറപ്പിച്ചുവെങ്കിലും എത്ര ശ്രമിച്ചിട്ടും കുഞ്ഞുദേവസിക്ക് താനിട്ട കതകിന്റെ കൊളുത്ത് എടുക്കാൻ കഴിയുന്നില്ല. തോൽവി സമ്മതിച്ച് കുഞ്ഞുദേവസി പറഞ്ഞു. "എനിക്ക് പറ്റുന്നില്ല മമ്മീ".


എല്ലാവരുടെയും മുഖം വിവർണ്ണമായി. സൂചി നിലത്തിട്ടാൽ കേൾക്കുന്ന നിശബ്ദതയിലും ഓരോരുത്തരുടെയും ഹൃദയമിടിപ്പ് പെരുമ്പറകൊട്ടുന്ന ഘനത്തിൽ കേട്ടുതുടങ്ങി. പല ഉപായങ്ങൾ പൊന്തിവന്നു. 'ഫയർഫോഴ്സിനെ വിളിക്കാം, കതക് തല്ലിപ്പൊളിക്കാം....' എന്തായാലും ചങ്കുപൊട്ടി അവർ തങ്ങളുടെ ദൈവത്തെ വിളിച്ചതും അതിസാഹസികതയുടെ പര്യായമായ ദേവസ്യാച്ചേട്ടന്റെ ഉള്ളിൽ ലഡ്ഡുപൊട്ടി. സ്ഥിരമായി തുറക്കുന്ന രണ്ടാം നിലയിലെ ടെറസിന്റെ വാതിൽ തുറക്കാൻ ഒരു ശ്രമം നടത്താം. പലരും വേണ്ടെന്നു പറഞ്ഞിട്ടും എഴുപത്തഞ്ചു കഴിഞ്ഞ ദേവസ്യാച്ചേട്ടൻ തന്റെ കൊച്ചുമകനെ രക്ഷപ്പെടുത്താൻ അതിസാഹസത്തിനൊരുങ്ങി. എവറസ്റ്റ് കീഴടക്കിയ ഹിലാരിയെപ്പോലെ പാരപ്പറ്റിലൂടെ അള്ളിപ്പിടിച്ച് കയറി രണ്ടാം നിലയിലെത്തി. കുഞ്ഞുദേവസിയെ ഒരുവിധം കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. ജനാലവഴി കതകിന്റെ മുകളിലത്തെ കുറ്റി കാർന്നോരും താഴത്തെ കുറ്റി കുഞ്ഞുദേവസിയും സംയുക്തമായി എടുത്തു. കതകുതുറന്നതും കുഞ്ഞുദേവസി ചാടി വല്യപ്പന്റെ തോളിൽ കയറി കവിളി

ലൊരു മുത്തവും നൽകി. വിജയശ്രീലാളിതരായി ഇറങ്ങിവരുന്ന ദേവസിമാരെക്കണ്ട് കുടുംബം ദൈവത്തിന് നന്ദി പറഞ്ഞു.

ജീവിതമെന്നത് പ്രതിസന്ധികളുടെ ഒരു പ്രവാഹമാണ്. നിനച്ചിരിക്കാത്ത നാളിലാവും അത് നമ്മുടെ ജീവിതത്തിലേയ്ക്ക് ഇരച്ചുകയറുക. അവിടെ തിരമാലകളെ മുറിച്ചുമുന്നേറുന്ന കപ്പലിന്റെ കപ്പിത്താനെപ്പോലെ സാഹസികവീര്യം കൈവരിക്കുവാൻ കഴിഞ്ഞാൽ തീരം നമുക്കരികിലെത്തും. എങ്കിൽ എവിടെനിന്നാണ് മനുഷ്യന് ഈ സാഹസികത കൈവന്നത്?

എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്തവരെ തേടിവരാൻ സാഹസികത കാട്ടിയ ദൈവപുത്രനിൽ നിന്നുതന്നെ. പാപമെന്തെന്നറിയാത്തവൻ പാപിയുടെ ഭാരം മുഴുവൻ ചുമലിൽ താങ്ങി. കൂടെ നടത്തിയിട്ടും കൂട്ടം വിട്ടോടിയതിനെ തേടിയിറങ്ങി. കണക്കുകൂട്ടലുകൾ തെറ്റിയിട്ടും കരുതലോടെ അവൻ കാത്തിരുന്നു. വലിച്ചിഴച്ചിട്ടും വിട്ടുകളയാത്ത സ്നേഹംകാട്ടി, കുരിശിലേറ്റിയിട്ടും 'ഇവർക്കറിഞ്ഞു കൂടാഞ്ഞിട്ടാണേ പിതാവേ' എന്ന് റക്കമെന്റേഷൻ നടത്തി... അവന്റെ ഓരോ ചലനത്തിലും അതിസാഹസികതയുണ്ടായിരുന്നു. എങ്കിൽ മിശിഹാനുയായികൾ കൈവരിക്കേണ്ടതും ഈ അതിസാഹസികത തന്നെയല്ലേ?

എന്തിനേറെ... നമുക്കിഷ്ടമില്ലാത്തവരെ സ്നേഹിതരാക്കുവാൻ, നമ്മുടെ വാക്കുകൾക്ക് ഒരു വിലയും കല്പിക്കാത്ത ജീവിതപങ്കാളിയെ സ്നേഹിക്കുവാൻ, കഴിവുകളെ തുലാസിൽതൂക്കി സ്നേഹം പകുക്കുന്ന മാതാപിതാക്കളെ വിലമതിക്കുവാൻ, കിട്ടപ്പോരുകളുടെ അടിസ്ഥാനത്തിൽ സ്നേഹം നടിക്കുന്ന സൗഹൃദങ്ങളെ അംഗീകരിക്കുവാൻ, ധാർമ്മികമൂല്യങ്ങളെ കാറ്റിൽ പറത്തി കുതിച്ചുപായുന്ന ഈ ലോകത്തിൽ നട്ടെല്ലോടെ നിലകൊള്ളുവാൻ, ആട്ടിയോടിക്കുന്ന അയൽവാസിക്കും അലിവിന്റെ കരമാകാൻ, എന്തിനേറെ ഉള്ളിന്റെ നീറ്റലിലും അപരനായൊരു പുഞ്ചിരി വിടർത്തുവാൻ, തെറ്റിപ്പോയെന്ന തിരിച്ചറിവിൽ തിരിഞ്ഞൊന്നു നടക്കുവാൻ നമുക്കീ അതിസാഹസികത കൂടിയേ തീരൂ. വല്ലപ്പോഴുമൊക്കെ ഇത്തിരി സാഹസികത നമുക്കും കാട്ടാമല്ലേ...!



## വിശുദ്ധ പാദ്രേ പിയോ

*"ഒരായിരം വർഷം ലൗകികമായ യശസ്സിൽ ആനന്ദംകൊണ്ട് കഴിയുന്നതിനേക്കാൾ എത്രയോ മഹത്തരമാണ് ഒരു മണിക്കൂർ ദിവ്യകാരുണ്യത്തിലെ ഈശോയുമായുള്ള മധുരമായ സഹനത്തിൽ കഴിയുന്നത്."*



# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ

**റോസ്മേരി കുസുമോസ്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം:**
പരിശുദ്ധ മറിയമേ, അങ്ങേ പ്രിയപുത്രൻ ഗദ്സമേൻ തോട്ടത്തിൽ തീവ്രവേദനയിൽ മുഴുകി തീക്ഷ്ണമായി പിതാവിന്റെ തിരുവിഷ്ടം നിറവേറപ്പെടട്ടെയെന്ന് പ്രാർത്ഥിച്ചതുപോലെ ഞങ്ങളുടെ സഹനനിമിഷങ്ങളിലും പ്രാർത്ഥിക്കാൻ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**
പരിശുദ്ധ അമ്മേ, അങ്ങയുടെ ഓമൽസുതൻ ചമ്മട്ടികളാൽ അടിക്കപ്പെട്ട് വേദന സഹിച്ചത് പാപികളായ ഞങ്ങളുടെ പാപപ്പൊറുതിയ്ക്കാണല്ലോ. ഞങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന സഹനങ്ങളെ പാപികളുടെ മാനസാന്തരത്തിനായി സ്വീകരിക്കുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**
പരിശുദ്ധ അമ്മേ, അങ്ങേ പ്രിയപുത്രൻ മുൾക്കിരീടം ധരിക്കപ്പെട്ട് അപമാനിതനായത് ഞങ്ങൾക്കായാണല്ലോ. ഞങ്ങളുടെ സഹനവേളകളെ സന്തോഷത്തോടെ സ്വീകരിക്കുവാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**
പരിശുദ്ധ അമ്മേ, ഈശോനാഥന്റെ കാൽവരിയാത്രയിൽ കുരിശുചുമക്കുവാൻ ശിമയോൻ സഹായിച്ചല്ലോ. അതുപോലെ ഞങ്ങളുടെ സഹോദരങ്ങളുടെ കുരിശു ചുമക്കുവാൻ സഹായിക്കുന്നതിനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**
പരിശുദ്ധ അമ്മേ, ഈശോനാഥൻ കുരിശിൽ തന്റെ ആത്മാവിനെ പിതൃതൃക്കരങ്ങളിൽ സമർപ്പിച്ചല്ലോ. ഞങ്ങളുടെ ജീവിതാന്ത്യത്തിലും ഇപ്രകാരം പിതാവിന്റെ കരങ്ങളിൽ ആത്മാക്കളെ അർപ്പിക്കാൻ തക്കവിധം ജീവിക്കുവാൻ ഞങ്ങൾക്കായ് പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

തന്റെ കൃപയാൽ അവൻ പരിപൂർണനായിരുന്നു.
അവൻ പ്രതിഫലം നൽകുകയും
പ്രബോധിപ്പിക്കുകയും ചെയ്തു.
അവൻ സുഖപ്പെടുത്തിയ പീഡിതൻ
അതിലൂടെ പ്രബോധിതനായി.
പഠിപ്പിച്ചവന് പ്രതിഫലം കിട്ടി.
കാരണം, താൻ സൗഖ്യമായതിലൂടെ
അവൻ പ്രബോധിതനായി.
താൻ സഹിച്ചവയിലൂടെയെല്ലാം
അവൻ മനുഷ്യനെ തികവുള്ളവനാക്കി.
അവൻ കൊണ്ട അടികളാൽ അവൻ പഠിപ്പിച്ചു.
അവൻ സഹിച്ചവയാൽ അവൻ വാഗ്ദാനം ചെയ്തു.
തന്റെ വാഗ്ദാനങ്ങൾ ഉറപ്പിക്കാൻ
ചെമ്മരിയാടുപോലെ അവൻ ബന്ധിതനായി
(മാർ അപ്രേം, പെസഹാഗീതങ്ങൾ 3-4)



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th February 2022

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

കർത്താവായ ദൈവമേ, മനുഷ്യവംശത്തിൽനിന്നുള്ള
ആദ്യഫലമായ മിശിഹാവഴി ഞങ്ങളുടെ ബലഹീനമായ
സ്വഭാവത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി
അങ്ങു കരുണയാലും കൃപയാലും പൂർത്തിയാക്കിയ
അത്ഭുതാവഹവും അവർണ്ണനീയവുമായ
രക്ഷാകർമ്മത്തെപ്രതി ഞങ്ങൾ അങ്ങേക്കു
സ്തുതിയും ബഹുമാനവും കൃതജ്ഞതയും
ആരാധനയും സമർപ്പിക്കുന്നു.
(നോമ്പുകാലം, ഞായർ - റംശാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph:0481- 2578192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal